

For you are all
sons of God through FAITH
(Galatians 3:26) in Christ Jesus
But without FAITH (Hebrews 11:6)
it is impossible to please Him
LEADING CHRISTIAN MAGAZINE
ആത്മാഭിഷേകം
2016 ജനുവരി വാല്യം 1 ലക്കം 1

# സത്യ ദൈവശാസ്ത്രം (TRUE THEOLOGY) 1.രക്ഷാശാസ്ത്രം [SOTERIOLOGY]

## a) മാനസാന്തരം (REPENTANCE) b) വീണ്ടുംജനനം (BORN AGAIN)

## c) വിശ്വാസം (FAITH)

Apostle Devasia Mullakkara

### വിശ്വാസം

### വിശ്വാസത്തിനൊരു മുഖവുര

കർത്താവുമായി ആത്മീയനായ ഒരു വിശ്വാസി ഏകാത്മാവിൽ ആയിത്തീരുന്നിടം വരെ അയാളുടെ പേര് വിശ്വാസത്തിലേക്ക് സഞ്ചരിക്കുന്നവൻ എന്നാണ്. കർത്താവുമായി ഏകാത്മാവായി പറ്റിച്ചേരുവാൻ കഴിയും എന്നത് വേദപുസ്തകസത്യമാണ്. ഓരോ വർഷവും ഉള്ള, അൻപതിലധികം ഞായറാഴ്ചയാരാധനകളിലോ ചില പ്രത്യേക പ്രാർത്ഥനാദിവസങ്ങളിലോ സഭാത്മകശുശ്രൂഷകൾ നടത്തുന്നവരും, ഒരു ഞായറും മുടങ്ങാതെ സഭകളിൽ വന്ന് നല്ല ആത്മീയാനുഭവമായിരുന്നു എന്നു പറഞ്ഞ് കടന്നുപോകുന്നവരും, പറഞ്ഞേക്കും തങ്ങൾ വിശ്വാസികളാണെന്ന്. പലപ്പോഴും അത് ശരിയുമായിരിക്കും. അവർ നല്ല വിശ്വാസികളുമായിരിക്കും. പക്ഷെ പ്രതിസന്ധികൾ അടിയ്ക്കടി ഉണ്ടാകുമ്പോൾ അവർ പതറുന്നുണ്ടെന്നതാണ്, വാസ്തവമെങ്കിൽ, തങ്ങളുടെ വിശ്വാസപ്രഖ്യാപനം പൊള്ളയായിരുന്നു എന്നു കരുതേണ്ടി വരും.

എന്നാൽ കർത്താവുമായി ഏകാത്മാവിലായാൽ, പ്രതിസന്ധികളിൽ ഒട്ടും ചഞ്ചലചിത്തരാവുകയില്ല. ബൈബിൾ ഇങ്ങനെ പഠിപ്പിക്കുന്നു. “കർത്താവിനോട് പറ്റിച്ചേരുന്നവനോ അവനുമായി ഏകാത്മാവാകുന്നു” (1 കൊറി.6:17).

### വിശ്വാസത്തിന്റെ മാനദണ്ഡം എന്താണ് ?

ദൈവത്തെയും സാത്താനെയും വേർതിരിച്ചറിയുവാൻ കഴിയും എന്നതാണ് മാനദണ്ഡങ്ങളിൽ ഒന്നാമത്തേത്. രണ്ടാമത്തേത് ഭക്തിയേയും കപടഭക്തിയേയും തിരിച്ചറിയുന്നു. മൂന്നാമത്തേത് അപ്പൊസ്തലന്മാരെയും കള്ളയപ്പൊസ്തലന്മാരെയും സത്യ പ്രവാചകന്മാരെയും കള്ള പ്രവാചകന്മാരെയും, സത്യ ഇടയന്മാരെയും കള്ളയിടയന്മാരെയും വേർതിരിച്ചറിയുകയും എല്ലാവിധ വ്യാജ ഭക്താഭ്യാസങ്ങളെയും ഉപേക്ഷിച്ച്, സത്യവും പഥ്യവുമായ വചനത്തിലൂടെ നിത്യതയോളമെത്തുന്ന ക്രിസ്തുവിന്റെ ആത്മാവിന്റെ പ്രവർത്തനങ്ങൾക്ക് സ്വയം സമർപ്പിച്ച് “ദൈവീകജീവൻ” പ്രാപിക്കാൻ കഴിയും എന്നതാണ്. അതിന് ക്രിസ്തുവുമായി എന്നുമെപ്പോഴും 1 കൊറി.6:17-ൽ പറയുംപോലെ പറ്റിച്ചേർന്ന് അവനുമായി ഏകാത്മാവിൽ ആവുക തന്നെ വേണം.

വിശ്വാസിയും കർത്താവും ഏകാത്മാവിൽ ആയിത്തീരുന്നത് കൂട്ടായ്മത്തത്തിലൂടെയുള്ള ആരാധനയിലൂടെയും, പാപമോചനമിരന്നും, മാനസാന്തരപ്പെട്ടും, വീണ്ടുംജനിച്ചും, വ്യക്തിപരമായുള്ള ബന്ധത്തിലൂടെയുമാണ്. ഞായറാഴ്ചകളിലെ പ്രാർത്ഥനായജ്ഞം പലർക്കും യാന്ത്രികമായ ഒരു പതിവു മാത്രമാണ്. പക്ഷെ ഞായറാഴ്ച കൂട്ടായ്മകൾ അത്യന്താപേക്ഷിതവും ആണ്. അപ്പോൾ എന്ത് ചെയ്യും ? ആത്മീയതയുടെ പ്രകടനപരതയും കൃത്രിമശൈലിയുംകൊണ്ട് തൃപ്തിപ്പെടുകയില്ല ഒരു യഥാർത്ഥ ദൈവം. ക്രിസ്തു (പിതാവും

ചീഫ് എഡിറ്റർ: ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ: പാ: ജോയിച്ചൻ
പാ: അബ്രാഹം, പാ: ജോർജ്ജ്, പാ:സോജൻ
പാ: യേശുദാസ്, പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ്: ജോസഫ് ഫ്രാൻസിസ്
ഡി.റ്റി.പി: സ്നേഹ ജോയിച്ചൻ
ഇംഗ്ലീഷ് പരിഭാഷ: സംഗീത ചെന്നൈ
സ്റ്റിൽസ്: ജസ്റ്റിൻ തോമസ്
ലേഔട്ട് & ഡിസൈൻ : ജീമോൻ




പുത്രനും പരിശുദ്ധാത്മാവും) യഥാർത്ഥ ദൈവമാണ്. യഥാർത്ഥ ദൈവത്തിന് ആത്മാവിലും സത്യത്തിലുമുള്ള (യോഹ.4:24)ഹൃദയാവർജ്ജകമായ സ്നേഹവും ആരാധനയും ഒട്ടും കാപട്യമില്ലാത്ത സുന്ദരമായ വിശുദ്ധിയും വേണം. മാനസാന്തരപ്പെട്ട് വീണ്ടുംജനനവും പ്രാപിച്ച് വിശുദ്ധവിശ്വാസം കൈമുതലാക്കിയിട്ടുള്ള വ്യക്തിയെയാണ് ദൈവം തന്റെ മകന് തുല്യനാക്കുന്നത്. മാനസാന്തരാനുഭവത്തോടെ, ദൈവവചനത്തിന്റെയും ദൈവാത്മാവിന്റെയും ഇഴുകിച്ചേരലിലൂടെയാണ് വീണ്ടുംജനനം സംഭവിക്കുന്നത്. അപ്പോൾ, ആ ആത്മീയവ്യക്തി ജനിച്ചതേയുള്ളു. ഇനി വളരണം. വിശ്വാസവും വിശുദ്ധിയും വളരുന്നതനുസരിച്ചാണ് ആത്മീയതയും വളരുന്നത്. **'ആത്മീയൻ ദൈവത്തിന്റെ ആഴങ്ങളെയും'** (1 കൊറി.2:10) അറിയുന്നവനാണ്. ദൈവത്തിന്റെ ആഴങ്ങളെ അറിയുക എന്നതും കർത്താവിനോട് ഏകാത്മാവിൽ പറ്റിച്ചേരുക (1 കൊറി.6:17) എന്നതും അടുത്തടുത്ത് വരുന്ന ആശയങ്ങളാണ്. മാനസാന്തരാനുഭവം എന്നതിന്റെ പ്രാധാന്യകൂടുതലിന്റെ തിളക്കത്താലും, വീണ്ടുംജനനം പ്രാപിച്ച് ദൈവമക്കളെന്ന പദവിയിലേക്കുയർന്നു എന്ന ജ്വലനത്താലും രക്ഷയെന്ന മഹാ സന്തോഷത്തിലെത്തുകയില്ല, **ശക്തമായ വിശ്വാസവും നിർമ്മലമായ വിശുദ്ധിയും** കൈവരിക്കുവാൻ കഴിയുന്നില്ലെങ്കിൽ.അതുകൊണ്ടുകൂടിയാണ് ബൈബിൾ ഇങ്ങനെ പറയുന്നത്: "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ.3:16).

തന്റെ ഏകജാതനായ പുത്രനിൽ (യേശുക്രിസ്തുവിൽ) വിശ്വസിക്കുന്ന യാതൊരാളും നശിച്ചുപോവുകയില്ല എന്നും നിത്യജീവൻ പ്രാപിക്കുമെന്നും പറയുമ്പോൾ ആ ദൈവീകവാഗ്ദത്തത്തെക്കാൾ വലിയതേതാണ്? നിത്യജീവനേക്കാൾ വലിയതേതാണ്? എങ്കിൽ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതിനേക്കാൾ വലിയതേതാണ്? എന്നാൽ ഇത്ര പ്രാധാന്യമേറിയ വിശ്വാസമെന്നത് ഒരു ക്രിത്രിമത്വം ഉള്ളതായിരിക്കരുത്, സംശുദ്ധമായിരിക്കണം.

നമ്മിലെ ആന്തരികമനുഷ്യന് സംതൃപ്തിയുണ്ടാകണം. ദൈവാരാധനയിൽ ആന്തരികമനുഷ്യന് സന്തോഷവും സമാധാനവും ഉണ്ടാകണം. ക്രിസ്തുവിന്റെ ആത്മാവാണ് ഈ തൃപ്തിയും സന്തോഷവും സമാധാനവും നൽകുന്നത്. ലവലേശം പാപമില്ലാത്ത ഒരവസ്ഥയും, വചനം ഉള്ളിൽ തിളച്ചുമറിയുന്ന സത്യസ്വാതന്ത്ര്യവും മലകളെ മാററുവാനും മാത്രം മതിയായ വിശ്വാസവും ഒത്തുചേരുമ്പോഴാണ് ഈ സംതൃപ്തിയും സന്തോഷവും സമാധാനവും അനുഭവിക്കുക. നല്ലൊരു ഗായകൻ ഓർഗൺ ഉപയോഗിച്ചു പാടിക്കൊണ്ടിരുന്ന സ്ഥാനത്ത് ഗായകർ രണ്ടുപേരു കൂടി വന്നാലും,തബലയും ഡഗ്ഗയും ഉൾപ്പെടെ താളമേളക്കൊഴുപ്പുകൾ വർദ്ധിപ്പിച്ചാലും നമ്മിലെ ബാഹ്യമനുഷ്യൻ മാത്രമെ സന്തോഷിക്കുകയുള്ളു.ആന്തരികമനുഷ്യൻ ക്രിസ്തുദർശനത്തിലൂടെയേ സംതൃപ്തനാകൂ. ക്രിസ്തുദർശനം എന്ന പറ്റിച്ചേരൽ വിശ്വാസമെന്ന ആത്മീയസംഭവത്തിന്റെ വളർച്ചയിലൂടെ മാത്രമെ ലക്ഷ്യം കാണൂ.

മനുഷ്യാത്മാവും ദൈവാത്മാവും പറ്റിച്ചേരും. ചേരണം. ശക്തമായ വിശ്വാസത്താലാണ് ആ ചേർച്ച. "മാൻ നീർത്തോടുകളിലേക്ക് ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമേ, എന്റെ ആത്മാവ് നിന്നോട് ചേരുവാൻ കാംക്ഷിക്കുന്നു" എന്ന സങ്കീർത്തന വചനത്തിൽ ഈ ഇഴുകിച്ചേരലിന്റെ നൈർമ്മല്യം നാം കണ്ടുമുട്ടുന്നു. ആ മാൻ നീർത്തോടുകളിലേക്ക് ചെല്ലുവാൻ ആദ്യം കാംക്ഷിക്കുന്നു, പിന്നെ ചെല്ലുന്നു, ഒടുവിൽ തോടിന്റെ സ്വന്തമായിരുന്ന വെള്ളം തന്റെ സ്വന്തമാക്കി, പറ്റിച്ചേർന്ന അവസ്ഥയിലേയ്ക്കെത്തുന്നു. ഇതുപോലെ മനുഷ്യന്റെ ആത്മാവ് വിശ്വാസത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ ഒടുവിൽ ദൈവത്തോട് (അഥവാ ക്രിസ്തുവിനോട്, അഥവാ പരിശുദ്ധാത്മാവിനോട്) പറ്റിച്ചേരുന്നു. നീർത്തോടുണ്ട്, മാനും ഉണ്ട്. മാൻ തോട്ടിലേക്ക് ചെല്ലുന്നു എന്നത് ഒരു യാഥാർത്ഥ്യവുമാണ്. ദൈവാത്മാവുണ്ട്.

## ഉള്ളടക്കം

സത്യദൈവശാസ്ത്രം 2–15
ആരാധനാ കേന്ദ്രങ്ങളും
ശുശ്രൂഷകരും 15–20
സത്യദൈവശാസ്ത്രം 21–33
അനുഗ്രഹത്തിന്റെ പെരുമഴ–30
വാർത്തകൾ– 34
പ്രോഗ്രാം ചാർട്ട്– 35




മനുഷ്യാത്മാവും ഉണ്ട്. മനുഷ്യാത്മാവ് ദൈവാത്മാവിൽ ലയിക്കുന്നു എന്നത് മാനിന്റേതു പോലെയുള്ള അനുഭവത്തേക്കാൾ വളർന്ന ഒരനുഭവമാണ്. അത് വിശ്വാസത്തിന്റെ ഒരനുഭവതലമാണ്. അത് കാണാതെ വിശ്വസിക്കലാണ്. "കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ"(യോഹ.20:29).

എന്തുകൊണ്ടാണ് അപ്പൊസ്തലനായ പൗലോസ് ഇങ്ങനെ എഴുതിയത്? "എങ്കിലും എനിക്ക് ലാഭമായിരുന്നതൊക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നെണ്ണിയിരിക്കുന്നു. അത്രയുമല്ല എന്റെ കർത്താവായ യേശുക്രിസ്തുവിനേക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഇപ്പോഴും ഞാൻ എല്ലാം ചേതം എന്നെണ്ണുന്നു. ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല **ക്രിസ്തുവിലുള്ള വിശ്വാസം മൂലം ദൈവം വിശ്വസിക്കുന്നവർക്ക് നൽകുന്ന നീതി തന്നെ** ലഭിച്ചു അവനിൽ ഇരിക്കേണ്ടതിനും അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയേയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയേയും അനുഭവിച്ചറിയേണ്ടതിനും ഇങ്ങനെ വല്ല വിധേനയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കണം എന്നുവെച്ച് ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ച് ചവറ് എന്ന് എണ്ണുന്നു" (ഫിലി.3:7-11)

ദൈവം വിശ്വസിക്കുന്നവരെ നീതിവത്ക്കരിക്കും എന്ന ലോകോത്തര ദൈവീകവാഗ്ദത്തം ഇവിടെയും നാം കണ്ടുമുട്ടുന്നു. തന്നിലൂടെ സംഭവിച്ച അത്ഭുതങ്ങളും അടയാളങ്ങളും കണ്ട് അന്തം വിട്ട് തന്നിൽ വിശ്വസിച്ചവരുണ്ട്. തന്റെകൂടെ മൂന്നുകൊല്ലം ജീവിച്ച് തന്റെ സ്വഭാവമെന്തെന്ന് അനുഭവിച്ച് തന്നിൽ വിശ്വസിച്ചവരുമുണ്ടായിരുന്നു. അതും താൻ അവർക്കൊക്കെ വേണ്ടി ക്രൂശിക്കപ്പെട്ടതും മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റതും അനുഭവിച്ചറിഞ്ഞ് തന്നിൽ വിശ്വസിച്ചവരുണ്ട്. ഉയിർത്തെഴുന്നേറ്റ താൻ പെട്ടെന്നൊരു മുറിയിലൊ കടപ്പുറത്തൊ പ്രത്യക്ഷപ്പെട്ടത് കണ്ടവരുണ്ട്. ഇവിടെയെല്ലാം കണ്ടു, കേട്ടു, അറിഞ്ഞു, അനുഭവിച്ചു, എന്നീ തലങ്ങളുണ്ട്. അതൊക്കെ വലിയ ശ്രേഷ്ഠതയുള്ള കാര്യങ്ങളാകുന്നു. എന്നാൽ അനുഭവങ്ങളിലൂടെ കടന്നുപോയ യൂദായും മറ്റു പലരും ക്രിസ്തുവിൽ വിശ്വസിച്ചുമില്ല, അവിശ്വസിച്ച് ചതിക്കുകയും ചെയ്തു. എന്നിരിക്കെയാണ് കാണാതെ പോകുന്നവരെപ്പറ്റിയുള്ള ദൈവദർശനവും ദൈവ പ്രഖ്യാപനവും.

1. "അവൻ യഹോവയിൽ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു" (ഉല്പ.15:6).

2. "നീതിമാനോ വിശ്വാസത്താൽ ജീവിച്ചിരിക്കും" (ഹബ.2:4).

3. "നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്ന് എഴുതിയിരിക്കുന്നുവല്ലോ" (റോമ. 1:17).

4. "നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നല്ലോ ഉള്ളത്" (ഗലാ. 3:11).

5."എന്നാൽ എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും; പിന്മാറുന്നു എങ്കിൽ എന്റെ ഉള്ളത്തിന് അവനിൽ പ്രസാദമില്ല. നാമോ നാശത്തിലേക്ക് പിന്മാറുന്ന കൂട്ടത്തില്ല, വിശ്വസിച്ച് ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നത് "(എബ്രാ.10:38,39).

വിശുദ്ധ വേദപുസ്തകത്തിലെ കേന്ദ്ര ഉപദേശവിഷയമാണ് ഈ വാക്യങ്ങൾ എന്ന് ബൈബിൾ പണ്ഡിതന്മാർ പറയുന്നു. ദൈവത്തിലുള്ള ശക്തമായ വിശ്വാസം നിത്യജീവൻ ലഭിക്കുവാൻ മുഖാന്തരമായിത്തീരുന്നു എന്നതാണ് (യോഹ.3:16) അങ്ങനെ വേദപണ്ഡിതന്മാർ പറയുവാനുള്ള കാരണം. നീതിമാന്മാർ വിശ്വാത്താൽ ജീവിക്കുമ്പോൾ ദുഷ്ടൻ വിശ്വാസമില്ലായ്മ മുഖാന്തരം ഉണ്ടാകുന്ന അഹങ്കാരത്താൽ നശിച്ചുപോകുകയും ചെയ്യുന്നു.

## എന്താണ് യഥാർത്ഥ ആത്മീയത?

യഥാർത്ഥ ആത്മീയത വിശ്വാസത്തോടുകൂടിയ ക്രിസ്തു ദർശനമാണ്. ഫിലിപ്പിയർ 3:8-ൽ എന്റെ കർത്താവായ യേശുക്രിസ്തുവിനേക്കുറിച്ചുള്ള "പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത" വളരെ വളരെ ശ്രേഷ്ഠമാണെന്ന് പൗലോസപ്പൊസ്തലൻ പറയുന്നു. ക്രിസ്തുവിനേക്കുറിച്ചുള്ള പരിജ്ഞാനം മൂന്നു വിധത്തിലാണ് ലഭിക്കുക.

1. പരിശുദ്ധാത്മാവ് അഥവാ ദൈവാത്മാവ് തരുന്നിടത്തോളമേ ലഭിക്കൂ.

2. പരിശുദ്ധാത്മപ്രചോദിതനായി ബൈബിൾ പഠിക്കുമ്പോഴെ ലഭിക്കൂ.

3. യേശുക്രിസ്തുവിന്റെ വീര്യപ്രവൃത്തികൾ മാത്രമല്ല പ്രബോധനങ്ങളും പീഢാസഹനങ്ങളും ഉയിർത്തെഴുന്നേൽക്കലും മാത്രമല്ല വീണ്ടും വരവുകളും നിത്യതയോളം തന്റെ മണവാട്ടിയെ എത്തിക്കുന്നതിലും അല്പം പോലും സംശയമില്ലാതെ വിശ്വസിക്കുന്നതിലൂടെയും ലഭിക്കും.

ഈ മൂന്നു വിധത്തിൽ ക്രിസ്തുവിന്റെ പരിജ്ഞാനം നാം നേടിയെടുക്കണം. ചില ലോകോത്തര സഭകൾ "മരിയോളജി" പോലെയുള്ള, ബൈബിൾസത്യങ്ങൾക്ക് ഘടകവിരുദ്ധമായ സിദ്ധാന്തങ്ങ

# വിശ്വാസം (FAITH)

ളുമായി ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നു. നിത്യസഹായമാതാവെന്നും വേളാങ്കണ്ണിമാതാവെന്നുമൊക്കെ പേരിട്ടുകൊണ്ട് ക്രിസ്തുദർശനത്തിനാണ് കളങ്കം വരുത്തുന്നതെന്ന് അവർ അറിയാത്തവിധം അവരുടെ ആത്മീയകണ്ണുകളെ അന്ധമാക്കിയിരിക്കുകയാണ് സാത്താൻ.

ക്രിസ്തുദർശനത്തിന്റെ പരിജ്ഞാനം ഉണ്ടാകാത്തതുകൊണ്ടാണ് ബഹുപുണ്യവാളവണക്കവും പാപമോചനലക്ഷ്യത്തോടെയുള്ള കുമ്പസാര കുർബാനകൾക്കൊക്കെ പ്രാധാന്യം കൊടുക്കുന്നതും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും പുരോഹിതശുശ്രൂഷയോടുള്ള കമ്പവും എല്ലാമെല്ലാം ഉണ്ടാകുന്നത്. ദൈവകൃപയാൽ ദൈവം തന്നെയും ദാനമായിത്തരുന്ന "വിശ്വാസത്തിന്റെ" പച്ചപ്പിനാൽ മാത്രമെ ഇടത്തോട്ടും വലത്തോട്ടും തിരിയാതെ ക്രിസ്തുവിൽ ഉറച്ച് നില്ക്കുവാൻ കഴിയൂ. ക്രിസ്തു പാപമോചനം തരും എന്ന പരിജ്ഞാനവും, മറ്റാർക്കും അത് തരുവാൻ കഴിയുകയില്ലെന്ന പരിജ്ഞാനവും മറ്റാരിലൂടെയെങ്കിലും നേടിയെടുക്കുവാൻ കഴിയാത്ത വിധത്തിൽ അവരൊക്കെയും പാപികളാണെന്ന പരിജ്ഞാനവും – ഈ പരിജ്ഞാനങ്ങളൊക്കെ വ്യക്തിപരമായി വിശ്വാസസത്യങ്ങളായി വിശ്വസിക്കണമെന്ന പരിജ്ഞാനവും ഇല്ലാത്തവരാണ് ജീവിച്ചിരിക്കുന്ന 'സാദാ പാപി'കളായ വൈദികരുടെ ശുശ്രൂഷകളിലൂടെ പാപമോചനത്തിനായുള്ള വിഫലശ്രമം നടത്തുന്നത്. ആകാശത്തിന്റെ കീഴെ മനുഷ്യരുടെ ഇടയിൽ രക്ഷയ്ക്കായുള്ള ഏകനാമവും, ഏകമദ്ധ്യസ്ഥനും, ഏകമഹാപുരോഹിതനും ക്രിസ്തുവാണെന്നുള്ള പരിജ്ഞാനവും, ആ പരിജ്ഞാനത്തിന്റെ ഉൾപ്പൊരുളിൽ തൊട്ടുള്ള വിശ്വാസവും ജനകോടികൾക്കില്ലാത്തതുകൊണ്ടാണ് ആചാരാനുഷ്ഠാനബദ്ധമായ ഒരു മത ദർശനംകൊണ്ട് ക്രിസ്തീയജീവിതം അധഃപതിച്ചിരിക്കുന്നത്.

മതദർശനത്തിന് പഞ്ചേന്ദ്രിയങ്ങളും പണവും പൊങ്ങച്ചവും ഉണ്ടായാൽ മതി. പണം കളക്ട്ചെയ്ത് പള്ളികളും, പള്ളിമേടകളും വൻ കോൺവെന്റുകളും, സ്കൂൾ–കോളേജുകളും, സെമിനാരികളും പണിയാം. എത്ര കൂടുതൽ പണം കൊടുക്കുന്നുവോ അവർക്കിവിടെയും സ്വർഗ്ഗത്തിലും 'സ്ഥാനമാനങ്ങൾ' എന്ന കാഴ്ചപ്പാടും പരത്തിയിരിക്കുന്നു. എത്ര കെട്ടിടങ്ങൾ ഒരാൾ പണിയാൻ നേതൃത്വം കൊടുക്കുന്നുവോ അവർ പണശേഖരത്തിൽ നിന്നും വൻലാഭം നേതൃത്വത്തിനും കൊണ്ടുപോയി കൊടുക്കുന്നതിനനുസരിച്ച് പ്രമോഷനും അവാർഡുകളും. ഈയൊരു വ്യവസ്ഥ ക്രിസ്തുവിന്റേതല്ല. ആ ദർശനം വെറും മതരാഷ്ട്രീയ ദർശനം മാത്രമാണ്. **ക്രിസ്തുദർശനവും വിശ്വാസവിശുദ്ധദർശനവും** അല്ല.

ക്രിസ്തുവിനോടാണ് വിശ്വസ്തത വേണ്ടത്. വചനം മാംസം ധരിച്ച ക്രിസ്തുവിനോട്. വചനം അക്ഷരം ധരിച്ച വിശുദ്ധവേദപുസ്തകത്തോടും നമുക്ക് വിശ്വസ്തത ഉണ്ടായിരിക്കണം. "ഞങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷക്കാരും ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകന്മാരും എന്നിങ്ങനെ ഓരോരുത്തൻ എണ്ണിക്കൊള്ളട്ടെ. ഗൃഹവിചാരകന്മാരിൽ അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കേണം എന്നത്രേ" (1 കൊരി.4:1,2). ക്രിസ്തുവിശ്വാസം ഉള്ളവരുടെ ക്രിസ്തുസ്നേഹം അവർണ്ണനീയം തന്നെ. ക്രിസ്തുവിനോട് വിശ്വാസം ഉള്ളവരോടുള്ള ക്രിസ്തുവിന്റെ സ്നേഹവും അവർണ്ണനീയം തന്നെ. "ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നത് ആർ ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റ് യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർതിരിപ്പാൻ കഴിയുകയില്ല എന്ന് ഞാൻ ഉറച്ചിരിക്കുന്നു" (റോമ.8:35–39). മരണത്തിനുപോലും ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർതിരിപ്പാൻ കഴിയാത്തത് ശക്തമായ വിശ്വാസത്തിന്റെ ഞരമ്പുകളാലും മാംസപേശികളാലും ജീവനാലും ആ 'സ്കെൽറ്റൻ' പണിയപ്പെട്ടതുകൊണ്ടാണ്.

## സത്യവിശ്വാസം

"വിശ്വസിച്ചവർ എല്ലാവരും ഒരുമിച്ചിരുന്ന് സകലവും പൊതുവക എന്നെണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റ് അവനവന് ആവശ്യമുള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും ഒരുമനപ്പെട്ട് ദിനമ്പ്രതി ദേവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കികൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ട് ഭക്ഷണം കഴിക്കയും ദൈവത്തെ സ്തുതിക്കുകയും സകലജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തു. കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു" (അപ്പൊ.2:44–47). വിശ്വസിക്കുന്നവരുടെ

# വിശ്വാസം (FAITH)

സവിശേഷതകൾ നമുക്കിവിടെ കാണാം.

1. യഥാർത്ഥ വിശ്വാസമുള്ളവരായിരുന്ന ആദിമസഭാംഗങ്ങൾ ഒരുമിച്ചിരുന്നുകൊണ്ട് സകല വസ്തുവകകളും പൊതുവക എന്നു കരുതി.

2. വില്ക്കേണ്ട ഘട്ടത്തിൽ അവ വിറ്റ് അവനവന് ആവശ്യമുള്ളത് പങ്കിട്ടു.

3. ഒരു മനസ്സോടെ ദേവാലയത്തിൽ കൂടിവരികയും വീട്ടിൽ അപ്പം നുറുക്കുകയും ചെയ്തു.

4. അവർ ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു.

5. ഹൃദയപരമാർത്ഥതയോടെയും സന്തോഷത്തോടെയും അവർ ഭക്ഷണം കഴിച്ച് സ്നേഹത്തിലും ഐക്യത്തിലും ആയിരുന്നു.

6. സകല ജനത്തിന്റെയും കൃപ അനുഭവിച്ചു.

7. ഇതൊക്കെയും അറിയുന്ന ദൈവം രക്ഷിക്കപ്പെടുന്നവരെ സഭയോട് ചേർത്തുകൊണ്ടിരുന്നു.

ഈ ഏഴാമത്തെ ദൈവപ്രവൃത്തിയായ സഭയെ വളർത്തൽ നടക്കുന്നത് വിശ്വാസികൾ സ്നേഹത്തിലും ഐക്യത്തിലും ആകുമ്പോൾ ആണ്. അവരോടൊപ്പമുള്ള നേതാക്കൾ സകലതും പൊതുവക എന്നെണ്ണുമ്പോഴും സാമ്പത്തികകാര്യങ്ങളിൽ സ്വാർത്ഥതയൊട്ടുമില്ല എന്ന് തെളിയിക്കുമ്പോഴും ആണ്. മാത്രമല്ല, ദൈവത്തെ ആരാധിക്കുവാൻ ദേവാലയത്തിലും വീടുകളിലും അവർ കൂടിവന്ന് ഒരുമിച്ചാഹാരം കഴിക്കയും അപ്പം നുറുക്കുകയും (കർതൃമേശ) ചെയ്തിരുന്നതുകൊണ്ടാണ്.

സഭ ദൈവത്തിന്റെ സ്വന്തമാണ്. അത് സ്നേഹചൈതന്യമുള്ള വിശ്വാസികളുടെ കൂട്ടമാണ്. സഭ ഏകമാണ്. “നിങ്ങളെ വിളിച്ചപ്പോൾ ഏകപ്രത്യാശയ്ക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെയുള്ളവനും, എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും പിതാവും ദൈവവുമായവൻ ഒരുവൻ. എന്നാൽ നമ്മിൽ ഓരോരുത്തന് ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിനൊത്തവണ്ണം കൃപ ലഭിച്ചിരിക്കുന്നു” (എഫേ.4:4-7).

ദൈവം, എഫേസ്യ വിശ്വാസികളെ വിളിച്ചത് 1. **ഏകപ്രത്യാശയ്ക്കായിട്ടാണ്.** ഈ കാലഘട്ടത്തിലും വരുവാനുള്ള കാലഘട്ടത്തിലും ഈ ഏകപ്രത്യാശ വിശ്വാസികളെയും അവരുടെ സഭയെയും വളർത്തുക തന്നെ ചെയ്യും. ഇവിടെ നമ്മൾ ഓർക്കണം, വിശ്വാസികളുടെ സമൂഹമാണ് സഭ എന്നത്. വിശ്വാസികളുടെ ആത്മീയവളർച്ചയ്ക്കുള്ള പ്ലാറ്റ്ഫോം ആണ് സഭ. അവരുടെ വിശ്വാസം ആഴപ്പെട്ടതായിരിക്കണം, എന്നത് സുപ്രധാനം. പക്ഷെ അതെത്ര മാത്രം ആഴപ്പെട്ടതാണെന്ന് ദൈവം മാത്രമല്ലേ ശരിയ്ക്കറിയുന്നുള്ളൂ? മറ്റുള്ളവർ വിശ്വാസികളുട ഹൃദയം അറിയുന്നില്ലല്ലോ. വിശ്വാസാനുഷ്ഠാനങ്ങൾ പക്ഷെ എല്ലാവരും അറിയുന്നു. എങ്കിലും ഈ അറിയുന്ന അറിവിൽ നമ്മൾ ഏകപ്രത്യാശയുള്ളവർ തന്നെയാകണമല്ലോ.

എഫേ.4:4-ൽനിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശയ്ക്കായി നിങ്ങളെ വിളിച്ചതുപോലെ എന്നാണല്ലോ. മോശയെ (വിളിച്ചത്) നോക്കാം. “അവിടെ യഹോവയുടെ ദൂതൻ ഒരു മുൾപ്പടർപ്പിന്റെ നടുവിൽ നിന്ന് അഗ്നിജ്വാലയിൽ അവന് പ്രത്യക്ഷനായി. അവൻ നോക്കിയാറെ മുൾപടർപ്പ് തീ പിടിച്ച് കത്തുന്നതും മുൾപ്പടർപ്പ് വെന്തുപോകാതിരിക്കുന്നതും കണ്ടു. മുൾപ്പടർപ്പ് വെന്തുപോകാതിരിക്കുന്ന ഈ വലിയ കാഴ്ച എന്തെന്ന് ഞാൻ നോക്കട്ടെ എന്ന് മോശ പറഞ്ഞു. നോക്കേണ്ടതിന് അവൻ വന്നത് യഹോവ കണ്ടപ്പോൾ ദൈവം മുൾപ്പടർപ്പിന്റെ നടുവിൽ നിന്ന് അവനെ മോശെ, മോശെ എന്ന് വിളിച്ചു. അതിന് അവൻ: ഇതാ ഞാൻ എന്നു പറഞ്ഞു. അപ്പോൾ അവൻ : ഇങ്ങോട്ട് അടുക്കരുത്, നീ നില്ക്കുന്ന സ്ഥലം വിശുദ്ധഭൂമി ആകയാൽ കാലിൽ നിന്ന് ചെരിപ്പ് അഴിച്ചുകളക എന്ന് കല്പിച്ചു. ഞാൻ അബ്രഹാമിന്റെ ദൈവവും യിസഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി, നിന്റെ പിതാവിന്റെ ദൈവം ആകുന്നു എന്നും അവൻ അരുളിച്ചെയ്തു. മോശെ ദൈവത്തെ നോക്കുവാൻ ഭയപ്പെട്ടു മുഖം മൂടി. യഹോവ അരുളിച്ചെയ്തത്: മിസ്രയീമിലുള്ള എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു കണ്ടു; ഊഴിയവിചാരകന്മാർ നിമിത്തമുള്ള അവരുടെ നിലവിളിയും കേട്ടു; ഞാൻ അവരുടെ സങ്കടങ്ങൾ അറിയുന്നു. അവരെ മിസ്രയീമ്യരുടെ കയ്യിൽ നിന്നും വിടുവിപ്പാനും ആ ദേശത്തുനിന്നും നല്ലതും വിശാലവുമായ ദേശത്തേക്ക്, പാലും തേനും ഒഴുകുന്ന ദേശത്തേക്ക്, കനാന്യർ, ഹിത്യർ, അമോര്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ എന്നവരുടെ സ്ഥലത്തേക്ക് അവരെ കൊണ്ടുപോകുവാനും ഞാൻ ഇറങ്ങിവന്നിരിക്കുന്നു. യിസ്രയേൽ മക്കളുടെ നിലവിളി എന്റെ അടുക്കൽ എത്തിയിരിക്കുന്നു; മിസ്രയീമ്യർ അവരെ ഞെരുക്കുന്ന ഞെരുക്കവും ഞാൻ കണ്ടിരിക്കുന്നു. ആകയാൽ വരിക; നീ എന്റെ ജനമായ




യിസ്രായേൽമക്കളെ മിസ്രയീമിൽ നിന്ന് പുറപ്പെടുവിക്കേണ്ടതിന് ഞാൻ നിന്നെ ഫറവോന്റെ അടുക്കൽ അയയ്ക്കും മോശെ ദൈവത്തോട്: ഫറവോന്റെ അടുക്കൽ പോകുവാനും യിസ്രയേൽമക്കളെ മിസ്രയീമിൽനിന്നു പുറപ്പെടുവിപ്പാനും ഞാൻ എന്തുമാത്രമുള്ളു എന്ന് പറഞ്ഞു. അതിന് അവൻ : ഞാൻ നിന്നോടുകൂടെ ഇരിക്കും. നീ ജനത്തെ മിസ്രയീമിൽ നിന്ന് കൂട്ടിക്കൊണ്ടു വരുമ്പോൾ നിങ്ങൾ ഈ പർവ്വതത്തിങ്കൽ ദൈവത്തെ ആരാധിക്കുമെന്നുള്ളത് ഞാൻ നിന്നെ അയച്ചതിന് അടയാളം ആകും" (പുറ.3:2-12).

യഹോവ ആമോസിനെ വിളിച്ചത്, ഗിദയോനെ മുന്തിരിച്ചക്കിനരികെ നിന്ന് വിളിച്ചതും (ന്യായാധിപന്മാർ 6:11) 1 ശമുവേൽ 9-ൽ അപ്പന്റെ കഴുതകളെ മേയിച്ചപ്പോൾ ശൗലിനെ വിളിച്ചതും, ഒക്കെ ദൈവം പ്രത്യേക നിയോഗപ്രകാരം ഓരോരുത്തരെ "വിളിച്ച്" ഓരോരൊ ശുശ്രൂഷകൾ ഏല്പിക്കുന്നതിന് ഉദാഹരണങ്ങൾ ആണ്. 1 ശമുവേൽ 16-ാം അദ്ധ്യായത്തിൽ ആടുകളെ മേയിച്ചുകൊണ്ടിരുന്നപ്പോൾ ദാവീദിനെ വിളിച്ചത് നാം കാണുന്നു. "നിന്റെ പുത്രന്മാർ എല്ലാവരും ആയോ എന്ന് ശമുവേൽ ചോദിച്ചതിന് അവൻ: ഇനി, ഉള്ളതിൽ ഇളയവൻ ഉണ്ട്; അവൻ ആടുകളെ മേയ്ക്കയാകുന്നു എന്ന് പറഞ്ഞു. ശമുവേൽ യിശ്ശായിയോട്: ആളയച്ച് അവനെ വരുത്തുക. അവൻ വന്നിട്ടല്ലാതെ നാം പന്തിക്കിരിക്കയില്ല എന്ന് പറഞ്ഞു. ഉടനെ അവൻ ആളയച്ച് അവനെ വരുത്തി. എന്നാൽ അവൻ പവിഴനിറമുള്ളവനും, സുനേത്രനും കോമളരൂപിയും ആയിരുന്നു. അപ്പോൾ യഹോവ "എഴുന്നേറ്റ് ഇവനെ അഭിഷേകം ചെയ്ക ഇവൻ തന്നെയാകുന്നു എന്ന് കല്പിച്ചു". അങ്ങനെ ശമുവേൽ തൈലകൊമ്പ് എടുത്ത് അവന്റെ സഹോദരന്മാരുടെ നടുവിൽ വെച്ച് അവനെ അഭിഷേകം ചെയ്തു; യഹോവയുടെ ആത്മാവ് അന്നുമുതൽ ദാവീദിന്മേൽ വന്നു (1 ശമു.16: 11-13)"

ഏലീശായെ ദൈവം വിളിച്ചത് കാണാം. "അങ്ങനെ അവൻ (ഏലിയാവ്) അവിടെ നിന്ന് പുറപ്പെട്ട് സാഫാത്തിന്റെ മകനായ ഏലീശയെ കണ്ടെത്തി, അവൻ പന്ത്രണ്ട് ഏർ കാളയെ പൂട്ടി ഉഴുവിച്ചുകൊണ്ടിരുന്നു; പന്ത്രണ്ടാമത്തേതിനോടുകൂടെ താൻ തന്നെ ആയിരുന്നു; ഏലിയാവ് അവന്റെ അരികെ ചെന്ന് തന്റെപുതപ്പ് അവന്റെ മേൽ ഇട്ടു. അവൻ കാളയെ വിട്ട് ഏലിയാവിന്റെ പിന്നാലെ ഓടി; ഞാൻ എന്റെ അപ്പനെയും അമ്മയേയും ചുംബിച്ച് കൊള്ളട്ടെ. അതിന്റെശേഷം ഞാൻ നിന്റെ പിന്നാലെ വരാം എന്നു പറഞ്ഞു. അതിന് അവൻ: പോയി വരിക; എന്നാൽ ഞാൻ നിനക്കായി എന്തു ചെയ്തിരിക്കുന്നു എന്നോർക്ക എന്നു പറഞ്ഞു. അങ്ങനെ അവൻ അവനെ വിട്ടു ചെന്ന് ഒരു ഏർ കാളയെ പിടിച്ച് അറുത്തു കാളയുടെ മരക്കോപ്പുകൊണ്ടു മാംസം പാകം ചെയ്തു ജനത്തിനു കൊടുത്തു; അവർ തിന്നു; പിന്നെ അവൻ എഴുന്നേറ്റ് ഏലിയാവിന്റെ പിന്നാലെ ചെന്ന് അവന് ശുശ്രൂഷകനായിത്തീർന്നു" (1 രാജാ.19:19-21). പത്രോസും അന്ത്രയോസും യോഹന്നാനും യാക്കോബും ഒക്കെ മത്സ്യം പിടിച്ചുകൊണ്ടിരുന്നപ്പോൾ ആണ് 'വിളി' ലഭിച്ചത്. "അവൻ ഗലീലകടപ്പുറത്ത് നടക്കുമ്പോൾ പത്രോസ് എന്നു പേരുള്ള ശീമോൻ, അവന്റെ സഹോദരനായ അന്ത്രയോസ് എന്നിങ്ങനെ മീൻപിടുത്തക്കാരായ രണ്ട് സഹോദരന്മാർ കടലിൽ വല വീശുന്നത് കണ്ടു; എന്റെ പിന്നാലെ വരുവിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്ന് അവരോട് പറഞ്ഞു. ഉടനെ അവർ വല വിട്ടേച്ച് അവനെ അനുഗമിച്ചു. അവിടെനിന്ന് മുന്നോട്ടു പോയാറെ സെബദിയുടെ മകൻ യാക്കോബും അവന്റെ സഹോദരൻ യോഹന്നാനും എന്ന വേറെ രണ്ട് സഹോദരന്മാർ പടകിൽ ഇരുന്ന് അപ്പനായ സെബദിയുമായി വല നന്നാക്കുന്നത് കണ്ട് അവരെയും വിളിച്ചു. അവരും ഉടനെ പടകിനെയും അപ്പനെയും വിട്ട് അവനെ അനുഗമിച്ചു" (മത്താ.4:18-22).

എഫേ.4:4-ൽ വിളിയുടെ പ്രാധാന്യം ഊന്നിപ്പറഞ്ഞുവല്ലോ. ഇങ്ങനെ വിളിക്കപ്പെട്ടിരിക്കുന്നത് എഫേസോസിലെ ദൈവസഭയെയും വിളിക്കപ്പെട്ട ദൈവദാസരെയും ഈ കാലഘട്ടത്തിലെ ദൈവാത്മാവിൽ വളർന്നുകൊണ്ടിരിക്കുന്ന ദൈവവേലക്കാരെയും ഒക്കെയാണ്. ഇവരൊക്കെയും പാപക്ഷമ ലഭിച്ചിരിക്കുന്ന വിശുദ്ധന്മാർ ആണ്. 'ഏകവിശ്വാസത്താൽ' ആണ് ഇവർ യഹോവയെന്ന ക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുന്നത്. ഈ വിശ്വാസവിശുദ്ധവീരന്മാരെ ദൈവം വിളിച്ചത് തന്റെ ശുശ്രൂഷ നിർവ്വഹിക്കാനാണ്. ആട്ടിടയന്മാരായിരുന്ന മോശെയെയായാലും ആമോസിനെയായാലും വിളിച്ചത് തന്റെ ശുശ്രൂഷയെ ചെയ്യുവാനാണ്. ദാവീദിനെയും ഏലീശയെയും പത്രോസിനെയും പൗലോസിനെയും ഒക്കെ ദൈവം വിളിച്ചത് ഘട്ടംഘട്ടമായി ദൈവരാജ്യം പണിയുവാനാണ്. ഇതെഴുതുന്ന വ്യക്തിയെയും വായിച്ച് ഗ്രഹിക്കുവാൻ




ശ്രമിക്കുന്നവരെയും ദൈവരാജ്യം പണിയുവാൻ ദൈവം വിളിച്ചതുതന്നെയായതുകൊണ്ടാണ് ആയിരം പ്രതികൂലങ്ങൾ ഉണ്ടാകുമ്പോഴും വിശ്വാസത്തോടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾക്ക് നാം നമ്മെ പുനർസമർപ്പണം നടത്തുന്നത്.

**ശരീരം ഒന്ന് ആത്മാവ് ഒന്ന്**(എഫേ.4:4).

സഭയാണ് ശരീരം. പരിശുദ്ധാത്മാവിന്റെ വ്യാപാരശക്തിയാൽ, യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നിത്യത ലഭിക്കുമെന്നും ആത്മരക്ഷ പ്രാപിക്കത്തക്കവണ്ണം വിശ്വാസികളെല്ലാവരും ഏകശരീരത്തിലെ അംശികളാണെന്നും അപ്പൊസ്തലൻ സമർത്ഥിക്കുകയാണ്. പരിശുദ്ധാത്മാവിനാൽ ഉണ്ടായ ഐക്യത്തിൽ എല്ലാവരും വിശ്വാസവിശുദ്ധമണ്ഡലത്തിൽ വിശുദ്ധമായി നിലനിൽക്കണം. ജീവിതാനുഭവങ്ങളിൽ ഐക്യം പ്രകടമാകണം. ഒഴുക്കിനൊത്ത് ജീവിക്കുന്നത് രാഷ്ട്രീയ ശൈലിയാണ്. ദാനിയേൽ 1–ാംഅദ്ധ്യായം 8,9 വാക്യങ്ങളിൽ "എന്നാൽ രാജാവിന്റെ ഭോജനം കൊണ്ടും അവൻ കുടിക്കുന്ന വീഞ്ഞുകൊണ്ടും തന്നെത്താൻ അശുദ്ധമാക്കുകയില്ല എന്ന് ദാനിയേൽ ഹൃദയത്തിൽ വിശ്വസിച്ച്, തനിക്ക് അശുദ്ധി ഭവിപ്പാൻ ഇടവരുത്തരുതെന്ന് ഷണ്ഡാധിപനോട് അപേക്ഷിച്ചു. ദൈവം ദിനിയേലിന് ഷണ്ഡാധിപന്റെ മുമ്പിൽ ദയയും കരുണയും ലഭിപ്പാൻ ഇടവരുത്തി." ബാബിലോണ്യകൊട്ടാരത്തിലെ വിഭവങ്ങൾ യഹൂദന്മാർക്ക് അനുവദനീയമായിരുന്നില്ല. അതുകൊണ്ടുംകൂടിയാണ് തനിക്ക് അശുദ്ധി വരുത്താൻ ഇടവരുത്തരുതെന്ന് ദാനിയേൽ പറഞ്ഞത്. പക്ഷെ അത് ദൈവഹിതവും ആയിരുന്നു. അതായത് വിശുദ്ധിയും വേർപാടും ഐക്യവും ദൈവമക്കളുടെ പ്രത്യേക ലക്ഷണങ്ങളാണ്.

**ആത്മാവ്** ഒന്ന് എന്നു പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നതെന്നോ? വലിയ വിശ്വാസിയും സഹവിശ്വാസിയും സാക്ഷാൽ യേശുക്രിസ്തുവും തമ്മിൽ ഉറച്ച ആത്മബന്ധം ഉണ്ടായിരിക്കണം എന്നതാണ്. **കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്** എന്താണ് ഈ പ്രയോഗംകൊണ്ട് അർത്ഥമാക്കുന്നത്? തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും എല്ലാം കൊടുക്കുവാൻ തക്കവണ്ണം കർത്താവ് സമ്പന്നനും സ്നേഹവാനും ആണ്. എല്ലാവർക്കും കർത്താവ് ഒരുവൻ തന്നെ. ഇവിടെ യേശുക്രിസ്തുവിനെയും ദൈവപിതാവിനെയും കർത്താവ് എന്ന് സംബോധന ചെയ്യാം. രണ്ടും ഒരാൾ തന്നെയാണ്. 1. യഹോവ, ഏലോഹിം അഡോൺ എന്ന എബ്രായപദത്തിന് നിത്യനായ ദൈവം എന്നാണ് മലയാള അർത്ഥം. യഹോവ എന്ന ദൈവപിതാവിന് എബ്രായബൈബിളിൽ അനേകം പേരുകൾ കൊടുത്തിട്ടുണ്ട്. 2. യഹോവ അഡോണായീ, (ഉല്പ.19:2) കർത്താവായ യോഹോവ, 3. യഹോവ യിരെ (ഉല്പ.22:8) യഹോവ കരുതിക്കൊള്ളും. 4. യഹോവ നിസ്സി (പുറ.17:15) യഹോവ എന്റെ കൊടി. 5. യഹോവ റാഫാ (പുറ.15:26) യഹോവ സൗഖ്യമാക്കുന്നവൻ. 6. യഹോവ ശാലോം (ന്യായാ.6:24) യഹോവ നമ്മുടെ സമാധാനം. യഹോവ സിദെക്കേനു (യിര.23:6, യിരെ.33:16) യഹോവ നമ്മുടെ നീതി 8. യഹോവ മെഡേഷ്ക്കോം (യെഹസ്.20:12) യഹോവ നമ്മെ ശുദ്ധീകരിക്കുന്നവൻ 9. യഹോവ ശമ്മ (യെഹെസ്.48:35) യഹോവ സമീപസ്ഥൻ 10. യഹോവ എല്ലിയോൻ (സങ്കീ.7:17) അത്യുന്നതനായ യഹോവ 11. യഹോവ യാഹ് (സങ്കീ 23:1) യഹോവ എന്റെ ഇടയൻ 12. യഹോവ സെബായോത്ത് (1 ശമു.1:3) സൈന്യങ്ങളുടെ യഹോവ.

പുറ.3:14–ലെ യഹോവ എന്ന എബ്രായ പദപ്രയോഗത്തിന് Iam that I am എന്ന ഇംഗ്ലീഷ് പ്രയോഗവും ഞാൻ ആകുന്നവൻ ഞാൻ ആകുന്നു എന്ന മലയാള പദപ്രയോഗവും ആണ് തർജ്ജമയായി വരിക. YHWH യാഹോവ എന്നോ യഹോവ എന്നോ ഉച്ചരിക്കാം. "ഞാൻ ആകുന്നവൻ" എന്നർത്ഥം. പക്ഷെ യഹൂദജനങ്ങളുടെ മുമ്പിൽ വെച്ച് യേശു തനിക്കുവേണ്ടി ഞാനാകുന്നവൻ എന്ന് ഉപയോഗിക്കുകയുണ്ടായി. യോഹന്നാന്റെ സുവിശേഷം 8–ാം അദ്ധ്യായം 23 മുതലുള്ള തിരുവചനങ്ങൾ ഉദ്ധരിക്കാം. "നിങ്ങൾ കീഴിൽ നിന്നുള്ളവർ ഞാൻ മേലിൽ നിന്നുള്ളവൻ. നിങ്ങൾ ഈ ലോകത്തിൽ നിന്നുള്ളവർ. ഞാൻ ഈ ലോകത്തിൽ നിന്നുള്ളവനല്ല. ആകയാൽ നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും എന്ന് ഞാൻ നിങ്ങളോടു പറഞ്ഞു. ഞാൻ അങ്ങനെയുള്ളവൻ എന്ന് വിശ്വസിക്കാഞ്ഞാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും. അവർ അവനോട് നീ ആരാകുന്നു എന്ന് ചോദിച്ചതിന് യേശു: ആദിമുതൽ ഞാൻ നിങ്ങളോട് സംസാരിച്ചു പോരുന്നതു തന്നെ. നിങ്ങളേക്കുറിച്ച് വളരെ സംസാരിപ്പാനും വിധിപ്പാനും എനിക്കുണ്ട്. എങ്കിലും എന്നെ അയച്ചവൻ സത്യവാൻ ആകുന്നു; അവനോടു കേട്ടതു തന്നെ ഞാൻ ലോകത്തോടും സംസാരിക്കുന്നു" (യോഹ.8:23–26).

# വിശ്വാസം (FAITH)

ദൈവപിതാവിനേപ്പറ്റി മാത്രം ഉപയോഗിക്കേണ്ട 'ഞാനാകുന്നവൻ'(യഹോവ) എന്ന പദപ്രയോഗം മറ്റൊരാളിനേപ്പറ്റി പറയുന്നത് അവർക്ക് സഹിച്ചുകൂടാ. എന്നിട്ടും യേശുക്രിസ്തു തന്നെക്കുറിച്ച് അങ്ങനെ പറഞ്ഞു. അതു ശരിയായതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്.

**യഹോവയും യേശുവും സമൻ**

യോഹന്നാൻ 12:44 മുതലുള്ള വചനങ്ങൾ "യേശു വിളിച്ചു പറഞ്ഞു: എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല എന്നെ അയച്ചവനിൽത്തന്നെ വിശ്വസിക്കുന്നു. എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു. എന്നിൽ വിശ്വസിക്കുന്നവൻ ആരും ഇരുളിൽ വസിക്കാതിരിക്കാൻ ഞാൻ വെളിച്ചമായി ലോകത്തിൽ വന്നിരിക്കുന്നു. എന്റെ വചനം കേട്ട് പ്രമാണിക്കാത്തവനെ ഞാൻ വിധിക്കുന്നില്ല. ലോകത്തെ വിധിപ്പാനല്ല, ലോകത്തെ രക്ഷിപ്പാനത്രെ ഞാൻ വന്നിരിക്കുന്നത്". യോഹ.10:30-ൽ പറയുംപോലെ യേശുവും പിതാവും ഒന്നാണ്. 110-ാം സങ്കീർത്തനം "യഹോവ എന്റെ കർത്താവിനോട് അരുളിച്ചെയ്യുന്നത്: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലതുഭാഗത്തിരിക്ക". മത്താ.1:1 അനുസരിച്ച് യേശുക്രിസ്തു ദാവീദിന്റെ പുത്രനാണ്. സങ്കീ.110:1 അനുസരിച്ച് ദാവീദിന്റെ കർത്താവും ആണ്. മനുഷ്യപുത്രൻ എന്ന നിലയിൽ യേശുക്രിസ്തു ദാവീദിന്റെ പുത്രനും ദൈവപുത്രൻ എന്ന അവസ്ഥക്ക് ദാവീദിന്റെ കർത്താവും ആണ്. ദൈവം നമ്മോടുകൂടി എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന നാമം മത്താ.1:22,23-ലുള്ളത് യേശ.7:14-ലും ഉണ്ട്. യേശ.9:6-ൽ യേശുവിനെ വീരനാം ദൈവം (The Mighty God) എന്ന് കൃത്യമായും വിളിച്ചിരിക്കുന്നത് യഹോവയ്ക്ക് മാത്രം യോജിക്കേണ്ട വീരനാം ദൈവം എന്ന പ്രയോഗത്തിൽ യേശു അറിയപ്പെടുന്നു. യേശ.9:6-ൽ യേശുവിനെത്തന്നെയാണ് നിത്യപിതാവ് എന്ന് വളിച്ചിരിക്കുന്നതും. 'മഹാദൈവം' എന്ന് തീത്തോ.2:13-ൽ യേശുവിനെത്തന്നെ വിളിച്ചിരിക്കുന്നു. 'കർത്താവൊരുവൻ' എന്ന പ്രയോഗത്തിന് പിതാവും (യോഹ.14;1) പുത്രനും (യോഹ.14:1, 3:36) പരിശുദ്ധാത്മാവും (കൊളോ.2:12, എബ്രാ.11:6) ആയ ത്രി-ഏക ദൈവം എന്ന് അർത്ഥമുണ്ട്. ക്രിസ്തുശാസ്ത്രം ചർച്ചെ ചെയ്യുമ്പോൾ ഈ ബൃഹത്തായ വിഷയം ചർച്ചക്കെടുക്കാം.

ഈ സത്യദൈവത്തിൽ മാത്രം വിശ്വസിച്ചാശ്രയിക്കണം. **"വിശ്വാസം ഒന്ന്"** എന്നു പറയുമ്പോൾ (1) വിശ്വാസത്താൽ സിംഹത്തിന്റെ വായ് അടച്ചുകളഞ്ഞ സംഭവം നാം ഓർമ്മിക്കണം. "ദാനിയേലിനെ കൊണ്ടുവന്ന് സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളഞ്ഞു; രാജാവ് ദാനിയേലിനോട് സംസാരിച്ചു: നീ ഇടവിടാതെ സേവിച്ചുവരുന്ന ദൈവം നിന്നെ രക്ഷിക്കും എന്ന് വിളിച്ചു കല്പിച്ചു. അവർ ഒരു കല്ലുകൊണ്ടുവന്ന് ഗുഹയുടെ വാതിൽക്കൽ കൊണ്ടുവന്നു വെച്ചു. ദാനിയേലിനെക്കുറിച്ചുള്ള നിർണ്ണയത്തിന് മാറ്റം വരാതെയിരിക്കേണ്ടതിന് രാജാവ് തന്റെ മോതിരംകൊണ്ടും മഹത്തുക്കളുടെ മോതിരംകൊണ്ടും അതിന് മുദ്രയിട്ടു. പിന്നെ രാജാവ് രാജധാനിയിൽ ചെന്ന് ഉപവസിച്ച് രാത്രി കഴിച്ചു; അവന്റെ സന്നിധിയിൽ വെപ്പാട്ടികളെ കൊണ്ടുവന്നില്ല; ഉറക്കം അവനെ വിട്ടുപോയി. രാജാവ് അതികാലത്ത് എഴുന്നേറ്റ് ബദ്ധപ്പെട്ട് സിംഹഗുഹയുടെ അരികെ ചെന്നു ഗുഹയുടെ അരികെ എത്തിയപ്പോൾ അവൻ ദു:ഖശബ്ദത്തോടെ ദാനിയേലിനെ വിളിച്ചു. രാജാവ് ദാനിയേലിനോട് സംസാരിച്ചു: ജീവനുള്ള ദൈവത്തിന്റെ ദാസനായ ദാനിയേലെ, നീ ഇടവിടാതെ സേവിച്ചുവരുന്ന ദൈവം സിംഹങ്ങളിൽ നിന്നു നിന്നെ രക്ഷിപ്പാൻ പ്രാപ്തനായോ എന്നു ചോദിച്ചു. ദാനിയേൽ രാജാവിനോട്: രാജാവ് ദീർഘായുസ്സായിരിക്കട്ടെ. സിംഹങ്ങൾ എനിക്ക് കേടുവരുത്താതിരിക്കേണ്ടതിന് എന്റെ ദൈവം തന്റെ ദൂതനെ അയച്ച് അവയുടെ വായ് അടച്ചുകളഞ്ഞു. അവന്റെ സന്നിധിയിൽ ഞാൻ കുറ്റമില്ലാത്തവൻ: രാജാവെ തിരുമുമ്പിലും ഞാൻ ഒരു ദോഷവും ചെയ്തിട്ടില്ല, എന്ന് ഉണർത്തിച്ചു" (ദാനി. 6:16-22). ആ ദാനിയേലിന്റെ വിശ്വാസംപോലുള്ള വിശ്വാസതലത്തിലേയ്ക്ക്, സിംഹത്തിന്റെ വായ് അടപ്പിക്കുന്ന വിശ്വാസത്തിലേയ്ക്ക് കർത്താവ് നമ്മെ വളർത്തുവാൻ വേണ്ടി നാം അവരവരെ സമർപ്പിക്കണം. ദാനിയേൽ പ്രവാചകന്റെ പുസ്തകം മൂന്നാം അദ്ധ്യായത്തിൽ വിശ്വാസത്താൽ തീ കെടുത്തിയത് വായിക്കേണ്ടെ? മൂന്നാം അദ്ധ്യായം മുഴുവൻ വായിച്ചാലേ ശദ്രക്കും മേശക്കും, അബേദ്നെഗോവും എരിയുന്ന തീച്ചൂളയെ വിശ്വാസത്താൽ ലജ്ജിപ്പിച്ചത് മനസ്സിലാക്കുവാൻ കഴിയൂ.

രാജാവ് ഉണ്ടാക്കിച്ച ഒരു സ്വർണ്ണബിംബത്തെ അവർ ആരാധിച്ചില്ല. "ഞങ്ങൾ സേവിക്കുന്ന ദൈവത്തിന് ഞങ്ങളെ വിടുവിക്കാൻ കഴിയുമെങ്കിൽ, അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽ നിന്നും രാജാവിന്റെ കയ്യിൽ നിന്നും വിടുവിക്കും. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കുകയില്ല (ദാ




നി.3:17,18). രാജാവിന്റെ കല്പനപ്രകാരം എരിയുന്ന തീച്ചൂള 7 ഇരട്ടി ആളിക്കത്തിച്ചിട്ട് അവരെ അതിൽ വലിച്ചെറിഞ്ഞിട്ടെന്തായി? "മൂന്നിന് പകരം 4 പുരുഷന്മാർ കെട്ടഴിഞ്ഞ് തീയിൽ നടക്കുന്നത് (3:25) കണ്ടിട്ട് രാജാവ് അവരോട് പുറത്തുവരുവാൻ കല്പിക്കുന്നു. 4-ാമത്തെ പുരുഷൻ യഹോവയോ യഹോവ അയച്ച ദൂതനോ ആയിരുന്നു. തീയിൽ നിന്നും രക്ഷിച്ചില്ലെങ്കിലും ഈ ദൈവത്തെ മാത്രമെ ആരാധിക്കൂ എന്ന് നിർഭയരായി മൂന്ന് യുവാക്കൾ ഏകസ്വരത്തിൽ പറഞ്ഞ വിശ്വാസം സത്യദൈവവിശ്വാസവും ഉറച്ച വിശ്വാസവും ആയിരുന്നു. കേട്ട് കേൾവി പോലും ഇല്ലാത്ത വിശ്വാസം ആയിരുന്നു.

പഴയനിയമത്തിൽ എത്ര ഉദാഹരണങ്ങൾ ഇനി ! വിശ്വാസത്താൽ വാളിന്റെ വായ്ത്തലയിൽ നിന്ന് മോശ ഒഴിവായത് പുറ.18:4-ൽ; വിശ്വാസത്താൽ സാറായ്ക്ക് ശക്തി ലഭിച്ചത് എബ്രാ.11:11-ൽ; വിശ്വാസത്താൽ ഗിദയോന് യുദ്ധം ചെയ്യുവാൻ ശക്തി ലഭിച്ചത് 2 ശമു.23:8-ലും ന്യായാ.7-ലും, വിശ്വാസത്താൽ ദാവീദ് ഗോലിയാത്തിനെ സംഹരിച്ചത് 1 ശമു.17:51-ൽ; വിശ്വാസത്താൽ യോസേഫ് കാരാഗൃഹത്തിൽ നിന്ന് വിടുതൽ പ്രാപിച്ചത് ഉല്പ.39:20-ൽ, വിശ്വാസത്തിൽ ഹാനോക്ക് മരണം കാണാതെ എടുക്കപ്പെട്ടത് എബ്രാ.11:5-ൽ; വിശ്വാസത്താൽ അബ്രഹാം ദൈവവിളിയെ സ്വീകരിച്ചതും യിസഹാക്കിനെ യാഗം കഴിക്കാൻ തീരുമാനിച്ചതും എബ്രാ.11:8,9,27 വചനങ്ങളിൽ. ഇതെല്ലാം കേട്ടുകേൾവിപോലുമില്ലാത്തതും എന്നാൽ നമ്മൾ അനുകരിക്കേണ്ടതുമായ അതിമഹത്തായ വിശ്വാസത്തിന്റെ ഉദാഹരണങ്ങളാണ്.

**സ്നാനം ഒന്ന്**

വിശ്വാസിയുടെ ജലസ്നാനത്തെ സ്ഥിരീകരിക്കുന്നു. സഭയുടെ രണ്ട് അനുഷ്ഠാനങ്ങളിൽ ജലസ്നാനം ആദ്യത്തേതും കർത്തൃമേശയാചരണം രണ്ടാമത്തേതും. മത്താ.28-ൽ 18,19,20 ഇങ്ങനെയാണ് "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടി ഉണ്ട് എന്ന് അരുളിച്ചെയ്തു". ഈ ക്രിസ്തുവെന്ന യഹോവയുടെ കല്പനയാണ് സ്നാനത്തിനടിസ്ഥാനം.

ഒരുവൻ യേശുക്രിസ്തുവിനെ രക്ഷിതാവായി അംഗീകരിക്കുമ്പോൾ അവൻ സ്നാനം സ്വീകരിക്കുവാൻ അർഹനായിത്തീരും. മാനസാന്തരാനുഭവത്തോടെ നാളിതുവരെ പരിചയപ്പെടാതിരുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അനുഭവിച്ചറിയുന്നതോടെ ലഭിക്കുന്ന പാപമോചനാനുഭവത്തിന്റെ അടയാളമായി സ്നാനപ്പെടുവാനുള്ള തീരുമാനം പരിശുദ്ധാത്മാവു തന്നെ എടുപ്പിക്കുകയായി. മർക്കോസ് 16:16-ൽ "വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും: വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്ന് കർത്താവു പറയുമ്പോൾ വിശ്വസിക്കാത്തവർക്കും വിശ്വസിച്ച് സ്നാനം എടുക്കാത്തവർക്കും സംഭവിക്കുന്ന ശിക്ഷാവിധിയെ കർത്താവ് തന്നെയും പറയുകയായിരുന്നു. അപ്പൊ.പ്ര. 2:38-ൽ "നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ. എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവ് വിളിച്ചു വരുത്തുന്ന ദൂരസ്ഥന്മാരായ എല്ലാവർക്കുമുള്ളതല്ലോ എന്ന് പറഞ്ഞു" എന്ന് അപ്പൊസ്തലനായ പത്രോസ് പറയുന്നു. സഭാശാസ്ത്രം ചർച്ച ചെയ്യുമ്പോൾ സ്നാനവും കർതൃമേശയും വരുമെന്നതിനാൽ സ്നാനത്തെപ്പറ്റി ദീർഘമായി പ്രതിപാദിക്കുന്നില്ല. എങ്കിലും ക്രിസ്തുവിനോട് കൂടി ക്രൂശിക്കപ്പെടുകയും അടക്കപ്പെടുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്യുന്ന (റോമാ ലേഖനം 6-ാം അദ്ധ്യായം 4,5,6,7) രക്ഷിക്കപ്പെടലിന്റെ പ്രമുഖസംഭവങ്ങളുടെ പ്രതീകാത്മകശുശ്രൂഷയാണ് സ്നാനം. ചൈൽഡ് ബാപ്റ്റിസം അല്ല ഉദ്ദേശിക്കുന്നത്. അറിവിന്റെ പ്രായത്തിലെ മുഴുകൽ സ്നാനമാണ് കർത്താവിന്റെ കല്പന. അംബ്രോസ്, ക്രിസോസ്റ്റോം, അഗസ്റ്റ്യൻ, തെർത്തുല്യൻ, ഒരിജൻ എന്നീ, വിശുദ്ധന്മാരെന്ന് ആദിമസഭാകാലത്ത് അറിയപ്പെടുന്ന സഭാപിതാക്കന്മാരൊക്കെയും മുഴുകൽ സ്നാനം സ്വീകരിച്ചു എന്നാണ് വിശ്വസനീയമായി കരുതപ്പെടുന്നത്. സ്നാനം സ്വീകരിക്കുന്നവരുടെ 'പഴയമനുഷ്യനെ' വെള്ളത്തൊട്ടിൽ ആകുന്ന കുഴിയിൽ സംസ്ക്കരിക്കുകയും (നദിയിലൊ, കായലിലൊ, കടലിലൊ എവിടെയായാലും അവിടമൊരു പ്രതീകാത്മക കല്ലറയായിത്തീരുന്നു.ക്രിസ്തു




ഉയിർത്തെഴുന്നേറ്റതിന്റെ പ്രതീകാത്മകമായി ഉയർന്നുപോരുകയും ചെയ്യുന്നു).

നവ പെന്തക്കോസ്ത് ലീഡേഴ്സിൽ പലരും പല ക്രിസ്തീയപുരോഹിതന്മാരുടേയും അവരോട് ചേർന്നു നിൽക്കുന്നവരുടേയും "ജനക്കൂട്ടത്തിന്റെ സപ്പോർട്ടും പണത്തിന്റെ സപ്പോർട്ടും കിട്ടുവാൻ വേണ്ടിയോ" എന്ന് സംശയിക്കത്തക്കവണ്ണം വിശുദ്ധിയുടേയും വേർപാടിന്റെയും നാന്ദി കുറിയ്ക്കുന്ന സ്നാനശുശ്രൂഷ ചർച്ചയ്ക്കെടുക്കുന്നില്ല എന്നത് ദൈവം എങ്ങനെ പരിഗണിക്കും എന്നത് ആലോചിക്കേണ്ട കാര്യമാണ്. എഫേസ്യലേഖനം 4–ാം അദ്ധ്യായത്തിലെ "സ്നാനം ഒന്ന്" എന്നപദത്തിന്റെ വ്യാപ്തിയിൽ വിശ്വാസികൾ എല്ലാവരും മുഴുകൽ സ്നാനം എടുക്കാതിരിക്കുന്നത് വലിയ അപകടകരമാണ്. കളിമണ്ണിലൊ, മരത്തിലൊ ഒക്കെ ഉണ്ടാക്കുന്ന രൂപങ്ങളെ വണങ്ങുന്നതും മറ്റും പള്ളികളിൽ നടക്കുന്നതിനെ, അത് ബിംബാരാധനയല്ലെന്ന് പൗരോഹിത്യനേതൃത്വം പറഞ്ഞ് ജനത്തെ വിശ്വസിപ്പിച്ചിരിക്കുകയാണ്. എന്നാൽ അത് ബിംബരാധന തന്നെയാണ്. അതുപോലെ ചൈൽഡ് ബാപ്റ്റിസവും 14,15 വയസ്സിലെ ബാപ്റ്റിസവും ഒക്കെ വചനാധിഷ്ഠിതമാണെന്ന് പൗരോഹിത്യ നേതൃത്വം പറഞ്ഞ് ജനത്തെ വിശ്വസിപ്പിച്ചിരിക്കുകയാണ്. എന്നാൽ അത്തരം സ്നാനങ്ങൾ കർത്താവ് വിഭാവനം ചെയ്തിട്ടില്ല. ഇത്തരം കാരണങ്ങളാണ് സ്നാനം ഒന്ന് എന്ന് എഫേസ്യലേഖനം 4–ൽ പറഞ്ഞത്. ഈ യഥാർത്ഥ സ്നാനം മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിച്ച് ക്രിസ്തുവിൽ നിന്നും പാപമോചനം വാങ്ങിയവർ അനുഷ്ഠിക്കുന്ന യേശുവിന്റെ കല്പന ആണ്.

## ആത്മാവ് ഒന്ന്

1 കൊരി.12:13–ൽ യെഹൂദന്മാരൊ, യവനന്മാരൊ, ദാസന്മാരൊ സ്വതന്ത്രരൊ നാം എല്ലാവരും ഏകശരീരമാകുമാറ് ഒരേ ആത്മാവിനെ പാനം ചെയ്തിരിക്കുന്നു. റോമാ.12:15–ൽ "അതുപോലെ ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും അതിൽ അവയവങ്ങളുമാകുന്നു".

ഒരു വിശ്വാസിയിൽ വസിക്കുന്ന ആത്മാവ് എല്ലാ വിശ്വാസികളിലും ഒരേ സമയത്ത് ഒരേ പോലെ വസിക്കുന്നു എന്ന തിരിച്ചറിവാണ് "ആത്മാവ് ഒന്ന്" എന്നു പറയുമ്പോൾ നമ്മിലുണ്ടാകേണ്ടത്. അത് അങ്ങനെതന്നെയാണ്. അത് അങ്ങനെയന്നെയല്ല എങ്കിൽ അവർ "വീണ്ടും ജനിക്കാത്തവർ" ആണ്. യോഹന്നാൻ 3–ാം അദ്ധ്യായം 5,6 വാക്യങ്ങളിൽ ദൈവം പറഞ്ഞു "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല". എല്ലാ വിശ്വാസികളും വീണ്ടും ജനിച്ചവരത്രെ. അഥവാ വീണ്ടുംജനനം പ്രാപിക്കാത്തവർക്ക് വിശുദ്ധിയും വേർപാടും പ്രാപിച്ച് വിശ്വാസിയായിരിക്കുവാൻ കഴിയുകയില്ല. വീണ്ടുംജനനം പ്രാപിക്കാത്ത, വിശ്വാസിചമയുന്നവരാണ് സഭയിൽ ഭിന്നിപ്പും കലഹവും ഉണ്ടാക്കുന്നത്.

എഫേ.4:7–ൽ "എന്നാൽ നമ്മിലോരോരുത്തന് ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിനൊത്തവണ്ണം കൃപ ലഭിച്ചിരിക്കുന്നു" എന്ന് നാം വായിക്കുന്നു.

ഏത് ബൈബിൾ പണ്ഡിതനും വാചാലനും വാഗ്മിയുമായ വചനപ്രഘോഷകനും വമ്പിച്ച രോഗ–ഭൂതസൗഖ്യ ശുശ്രൂഷകനും പ്രാർത്ഥനാവീരനും ഒക്കെ ഒരുപോലെ ഓർമ്മിക്കേണ്ട കാര്യമാണ് ലഭ്യമായ ക്രിസ്തുവിന്റെ കൃപയുടെ ദാനമനുസരിച്ചേ അവർക്ക് പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ എന്നത്. എല്ലാവരും ഒരേ രക്ഷകന്റെ പരിപാലനം അനുഭവിക്കുന്നു. ഓരോ വിശ്വാസവിശുദ്ധവീരനും ലഭിച്ചിരിക്കുന്ന ക്രിസ്തുവിന്റെ കൃപയുടെ അളവ് വ്യത്യസ്തമാണെങ്കിലും വലിപ്പച്ചെറുപ്പം കൂടാതെ ദൈവസഭയ്ക്കുള്ളിൽ ഐക്യത്തോടെയും വിശ്വാസത്തോടെയും നിലനിന്നുകൊള്ളണം.

ക്രിസ്തുവിന്റെ ദാനങ്ങളിൽ ഏറ്റവും ശ്രേഷ്ഠം നിത്യജീവനാണ്. അതു കഴിഞ്ഞാൽ രക്ഷയും വീണ്ടെടുപ്പുമാണ്. പിന്നെ, സന്തോഷവും പ്രത്യാശയുമാണ്. ക്രിസ്തു നമ്മെ നീതീകരിച്ചതും വിശുദ്ധീകരിച്ചതും ആണ് ഇനിയുമുള്ളത്. ഇതിനെല്ലാം കാരണം സൗജന്യമായി കിട്ടിയ പാപമോചനവും ശക്തമായ വിശ്വാസവും ആണ്.

## വേദപുസ്തകാധിഷ്ഠിത വിശ്വാസം

വിശ്വാസത്താലാണ് രോഗമോചനം എന്ന് പറഞ്ഞാൽ പലരും അത് അംഗീകരിക്കും. വിശ്വാസത്താലാണ് പാപമോചനം എന്ന് പറഞ്ഞാൽ എല്ലാവരും അത്രയങ്ങ് അംഗീകരിക്കുകയില്ല. പക്ഷെ തിരുവചനം ഇങ്ങനെയാണ്. "ഇവൻ നിങ്ങളോട് പാപമോചനം അറിയിക്കുന്നു എന്നും, മോശയുടെ ന്യായപ്രമാണത്താൽ നിങ്ങൾക്ക് നീതീകരണം വരുവാൻ കഴിയാത്ത സകലത്തിൽ നിന്നും വിശ്വസിക്കുന്ന ഏവനും ജീവനാൽ നീതീകരിക്കപ്പെടുന്നു എന്നും നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ" (അപ്പൊ.13:38,39). പൗരോഹിത്യ ശുശ്രൂഷ

# വിശ്വാസം (FAITH)

യോട് നല്ല പരിചയമുള്ളവർ കരുതുന്നത് പാപമോചനം പുരോഹിതന്മാർ വഴിയും അവരുടെ കർമ്മങ്ങൾ വഴിയും ആണ് എന്നാണ്. ഇതെഴുതുന്ന ആൾ അങ്ങനെ ധരിച്ചിരുന്നു. നാല്പതു വയസ്സുവരെ ഞാൻ അങ്ങനെതന്നെ കരുതിയിരുന്നു. പിന്നെ പത്ത് കൊല്ലംകൂടി അങ്ങനെ തന്നെ പത്തിരുപത് ശതമാനം കരുതിയിരുന്നു. ആ പത്ത് കൊല്ലംകൊണ്ട് ബൈബിളിലെ പഴയനിയമ പുതിയനിയമ ഗ്രന്ഥങ്ങളെയെല്ലാം സാമാന്യമായി പഠിച്ചു. വിവിധ സഭാ ശുശ്രൂഷകന്മാരായ വൈദികരുടേയോ അവൈദികരുടേയോ ലഭിച്ചിടത്തോളം ഗ്രന്ഥങ്ങളും പഠിച്ചു. അപ്പോഴാണ് മനസ്സിലായത്, പാപമോചനം ക്രിസ്തുവിനാലും അവന്റെ രക്തത്താലുമാണെന്നും അതങ്ങനെയാണെന്ന് വിശ്വസിക്കുന്നവർക്കുമാണെന്ന്, കൂദാശകളും അവ അർപ്പിക്കാൻ കോപ്പു കൂട്ടുന്നവരും ഒക്കെ പാഴ്ക്കിനാവുകൾ കാണുകയാണെന്നും മനസ്സിലായി.

അപ്പൊ.10:43-ൽ "അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം" എന്നെഴുതിയിരിക്കുന്നു. പാപമോചനത്തിനുള്ള ദൈവീകവ്യവസ്ഥ **വിശ്വാസമാണ്.** പഴയനിയമ പുതിയനിയമ പൗരോഹിത്യ കർമ്മമാർഗ്ഗങ്ങളിലൂടെയാണ് പാപമോചനമെന്ന "മണ്ടൻ" ചിന്താഗതി ഏതു കാലത്തും ഒരു ബൃഹത്സമൂഹം വിശ്വസിച്ചിരിക്കുന്നു. പക്ഷെ അവർക്ക് വേദാധാരം ഇല്ല, എന്നു മാത്രമല്ല അത് പരിശോധിക്കുവാനുള്ള ഒരു മനസ്സും അവർക്കില്ല.

പാപമോചനം വിശ്വാസത്താലാണെന്ന് പറയുവാനുള്ള ഒരു സുപ്രധാന കാരണം പാപം അവിശ്വാസത്താലാണ് ആദിയിൽ ഉണ്ടായത് എന്നതുകൊണ്ടാണ്. അവിശ്വാസത്താലാണ് പാപം ഉണ്ടായതെങ്കിൽ വിശ്വാസത്താലല്ലോ അതിന് പരിഹാരമുണ്ടാക്കുവാൻ കഴിയുകയുള്ളു. ആദാമ്യപാപം വന്ന വഴി നമുക്കൊന്ന് നോക്കാം. ഉല്പ.2:17-ൽ "നന്മതിന്മകളേക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻഫലം തിന്നരുത്, തിന്നുന്ന നാളിൽ നീ മരിക്കും" (ആത്മീയമരണം സംഭവിക്കും) എന്ന് ദൈവകല്പന. "നിങ്ങൾ മരിക്കയില്ല നിശ്ചയം; അത് തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണ് തുറക്കുകയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തേപ്പോലെ ആവുകയും ചെയ്യും" എന്ന് സാത്താൻ ഹവ്വായോടു പറഞ്ഞു.

ദൈവവചനത്തെ ആദവും ഹവ്വയും അവിശ്വസിക്കുകയും പിശാച് പറഞ്ഞതിനെ വിശ്വസിക്കുകയും ചെയ്തു. ദൈവത്തെ അവിശ്വസിച്ചത് പാപമാണെന്നും, പിശാചനെ വിശ്വസിച്ചത് പാപമായി പരിണമിച്ചുവെന്നും പറയുമ്പോൾ ദൈവകല്പനക്ക് പിശാചിന്റെ പ്രവർത്തനത്തെക്കാൾ വില വളരെ കുറച്ചു അവർ കൊടുത്തുവെന്നും പറയാം. നന്മതിന്മകളുടെ അറിവിന്റെ വൃക്ഷഫലം പറിച്ചുതിന്നുവാൻ തീരുമാനിക്കുന്ന നിമിഷം മുതൽ ദൈവത്തെ അവർ അവിശ്വസിച്ചുതുടങ്ങി, ദൈവകല്പനയെ നിരസിച്ചുതുടങ്ങി. ഉല്പത്തിയുടെ 3-ാം അദ്ധ്യായത്തിൽ കൗശലക്കാരനായ പാമ്പ് ഹവ്വയോടു പറഞ്ഞ കാര്യം കുറിക്കാം. "തോട്ടത്തിലെ "യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്ന് ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്ന് ചോദിച്ചു". സ്ത്രീ പാമ്പിനോട് "തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു തിന്നാം. എന്നാൽ മരിക്കാതിരിക്കേണ്ടതിന് തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്, തൊടുകയുമരുത്" എന്ന് ദൈവം കല്പിച്ചിട്ടുണ്ട് എന്ന് പറഞ്ഞു. പാമ്പ് സ്ത്രീയോട് : നിങ്ങൾ മരിക്കയില്ല നിശ്ചയം; അത് തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണ് തുറക്കുകയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തേപ്പോലെ ആവുകയും ചെയ്യും എന്ന് ദൈവം അറിയുന്നു എന്നു പറഞ്ഞു. ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിക്കാൻ കാമ്യവുമെന്ന് സ്ത്രീ കണ്ടു. ഫലം പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു. അവനും തിന്നു, ഉടനെ ഇരുവരുടേയും കണ്ണ് തുറന്നു, തങ്ങൾ നഗ്നരെന്ന് അറിഞ്ഞു. അത്തിയില കൂട്ടിത്തുന്നി തങ്ങൾക്ക് അരയാടയുണ്ടാക്കി. വെയിലാറിയപ്പോൾ യഹോവയായ ദൈവം തോട്ടത്തിൽ നടക്കുന്ന ഒച്ച അവർ കേട്ടു; മനുഷ്യനും ഭാര്യയും യഹോവയായ ദൈവം തങ്ങളെ കാണാതിരിപ്പാൻ തോട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചു. യഹോവയായ ദൈവം മനുഷ്യനെ വിളിച്ചു. നീ എവിടെ എന്നു ചോദിച്ചു. തോട്ടത്തിൽ നിന്റെ ഒച്ച കേട്ടിട്ട് ഞാൻ നഗ്നനാകകൊണ്ട് ഭയപ്പെട്ട് ഒളിച്ചു എന്ന് അവൻ പറഞ്ഞു. നീ നഗ്നനെന്ന് നിന്നോട് ആര് പറഞ്ഞു? തിന്നരുതെന്ന് ഞാൻ നിന്നോടു കല്പിച്ച വൃക്ഷഫലം നീ തിന്നുവോ എന്ന് അവൻ ചോദിച്ചു"? (ഉല്പ.3:1-11).

ഉല്പ.2:17-ൽ "തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന നന്മതിന്മകളേക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം നീ തിന്നരുത് : തിന്നുന്ന നാളിൽ നീ മരിക്കും" എന്നതായിരുന്നു ദൈവകല്പന. വചനം, ദൈവം പറഞ്ഞത്. പാമ്പിന്റെ രൂപത്തിൽ ഹവ്വായെ പ്രലോഭിപ്പാൻ വന്ന സാത്താനാകട്ടെ "നിങ്ങൾ മരിക്കയില്ല നിശ്ചയം" (ഉല്പ.3:4) എന്ന്




ഉറപ്പ് നൽകിയപ്പോൾ ദൈവം പറഞ്ഞതിനെ മറന്നുകൊണ്ട്, പാശാച് പറഞ്ഞതിനെ സ്വീകരിക്കുകയായിരുന്നു.

മരിക്കുകയില്ല നിശ്ചയം എന്ന് പറഞ്ഞത് സാത്താനായതുകൊണ്ട് അതല്ല, കേൾക്കേണ്ടത് എന്ന് ഹവ്വായ്ക്ക് തോന്നണമായിരുന്നു. പഴം പറിക്കുക, തിന്നുക മുതലായ ബാഹ്യാവയവങ്ങൾകൊണ്ടുള്ള കർമ്മമാണോ പാപം? അതോ പഴം പറിക്കുവാനും തിന്നുവാനും എടുത്ത തീരുമാനമാണോ പാപം? പാപത്തിന്റെ ഉത്ഭവം, ആദ്യത്തേത്. രണ്ടാമത്തേത് നടപടിക്രമം. ആദ്യത്തേത് ഹൃദയപരം, രണ്ടാമത്തേത് ബാഹ്യാവയവങ്ങളിലൂടെ. അപ്പോൾ പാപം ആന്തരികമാണ്. അഥവാ വിശ്വാസപരം ആണ്. പ്രവൃത്തിയാലല്ല പാപജനനം. പ്രവൃത്തിയാലാണെങ്കിൽ കുമ്പസാരം, വഴിപാടുകൾ പോലെയുള്ള പ്രവൃത്തികളാൽ പാപമോചനവും ലഭിക്കുമായിരുന്നു. പ്രവൃത്തിയാലായിരുന്നു പാപജനനമെങ്കിൽ മനുഷ്യർക്ക് അത് മാറ്റിക്കൊടുക്കാമായിരുന്നു.

പക്ഷെ, യാഥാർത്ഥ്യം പാപം വിശ്വാസവ്യതിചലനത്തോടെ ആരംഭിച്ച് ഹൃദയപരമായി വളരുന്ന ഒരു ആന്തരികസംഭവമാണ് എന്നതാണ്. അപ്പോൾ പാപമോചനം ദൈവത്താൽ അല്ലാതെ ആരാലും സാധിക്കയില്ല എന്ന തിരിച്ചറിവ് നമ്മിൽ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ദൈവം തന്റെ പുത്രനായ (ദൈവം തന്നെയായ) യേശുവിന്റെമേൽ പാപത്തിന്റെ ശിക്ഷ മുഴുവൻ ചുമത്തുകയായിരുന്നു. ആ വിമോചനസ്വഭാവമാണ് ദൈവസ്നേഹം. യാതൊരർഹതയുമില്ലാത്തവർക്ക് അത് കൊടുക്കുന്ന ദൈവസ്നേഹമാണ് **"കൃപ"** എന്ന് പറയുന്നത്. ദൈവവിശ്വാസമെന്നോ വിശ്വാസമെന്നോ പറയുന്നതെന്താണെന്ന് വിശദീകരിക്കുവാനാണ് നാം ഉല്പത്തി പുസ്തകം 2,3 അദ്ധ്യായത്തിലേക്ക് പോയത്. പാപമോചനം കിട്ടാത്ത മനുഷ്യർക്ക് മറ്റെന്തെല്ലാം ലഭിച്ചിരുന്നാലും പരമ പരിശുദ്ധനായ ദൈവം വസിക്കുന്നു എന്ന് എല്ലാവരും നല്ലപോലെ കരുതുന്ന സ്വർഗ്ഗത്തിൽ പോകുവാൻ കഴിയുകയില്ലല്ലോ. സ്വർഗ്ഗത്തിൽ പോവുക എന്ന നിത്യതയ്ക്ക് ഏറ്റവും അത്യാവശ്യമായത് പാപവിമോചനാനുഭവം, പാപവിമോചനാനുഭവത്തിന് ഏറ്റവും അത്യാവശ്യമായ ഹൃദയപരമായ കറപുരളാത്ത ക്രിസ്തുവിശ്വാസവും ആണ് എന്നതാണ് വിശ്വാസമെന്ന വിഷയത്തിൽ പരമപ്രധാനമായത്. വിശ്വസിച്ചാൽ രോഗം മാറുമോ ? **'വിശ്വാസം'** കാപട്യമില്ലാത്തതാണെങ്കിൽ രോഗം മാത്രമല്ല സാത്താനും മാറും മരണവും മാറും. എന്നാൽ രോഗം മാറുന്നതുകൊണ്ടും മരണം മാറുന്നതുകൊണ്ടും നിത്യത ലഭിക്കുകയില്ലല്ലോ. നിത്യത ലഭിക്കണമെങ്കിൽ ക്രിസ്തുവിശ്വാസത്തിന്റെ ആണിക്കല്ലിലും മൂലക്കല്ലിലും പണിതുയർത്തിയ വിശുദ്ധിയെ തികയ്ക്കണമല്ലോ (2 കൊറി.7:1).

**സകലതും തരുന്ന ദൈവം**

ദൈവജനത്തോടുകൂടെയുള്ള കഷ്ടത, മോശ, അനുഭവിച്ച് സന്തോഷത്തോടുകൂടി "ക്രിസ്തുവിന്റെ നിന്ദ" വലിയ ധനമെന്ന് എണ്ണി. ഇതുപോലെ അപ്പൊസ്തലനായ പൗലോസ് ക്രിസ്തുവിന്റെ നിന്ദയെ വലിയ ധനമെന്ന് എണ്ണിയത് കാണാമല്ലോ ."എനിക്ക് ലാഭമായിരുന്നതൊക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതമെന്നെണ്ണിയിരിക്കുന്നു. അത്രയുമല്ല എന്റെ കർത്താവായ യേശു ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതമെന്നെണ്ണുന്നു. ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്തം നീതിയല്ല ക്രിസ്തുവിങ്കലുള്ള വിശ്വാസം മൂലം ദൈവം വിശ്വസിക്കുന്നവർക്ക് നൽകുന്ന നീതി തന്നെ ലഭിച്ച് അവനിൽ ഇരിക്കേണ്ടതിനും അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും ഇങ്ങനെ വല്ല വിധേനയും മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണം എന്നു വെച്ചും ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ച് ചവറ് എന്നെണ്ണുന്നു. ലഭിച്ചുകഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല. ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്ക് അത് പിടിക്കാമോ എന്ന് വെച്ച് പിന്തുടരുന്നതേയുള്ളൂ. സഹോദരന്മാരെ, ഞാൻ പിടിച്ചിരിക്കുന്നു എന്ന് നിരൂപിക്കുന്നില്ല. ഒന്ന് ഞാൻ ചെയ്യുന്നു. പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന് ആഞ്ഞുകൊണ്ടും ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു" (ഫിലി.3:7-14).

ക്രിസ്തുവിശ്വാസം എന്നതിൽ നിന്നും ഒരിക്കലും അമിതമായ സുഖഭോഗങ്ങളോ "പ്രോസ്പിരിറ്റി തിയോളജിയോ" ഉണ്ടാകുന്നില്ല. ഉണ്ടാകുന്നു എന്ന് പഠിപ്പിക്കുന്നവർ ദുരുപദേശമാണ് പഠിപ്പിക്കുക. അവർക്ക് താല്ക്കാലികമായ ചില "നേട്ടങ്ങൾ എന്നുകരുതപ്പെടുന്ന കോട്ടങ്ങൾ" ഉണ്ടാക്കുവാൻ കഴിയും, എന്നല്ലാതെ പരിശുദ്ധാത്മനിറവിന് അത് സഹായകമല്ല. പ്രാർത്ഥനയിൽ കവിഞ്ഞൊഴുകുന്ന അനുഗ്രഹങ്ങൾ ഉണ്ടാകും. എന്നാൽ ആ അനുഗ്രഹങ്ങൾ ആത്മീയാനുഗ്രഹങ്ങൾ തന്നെയായിരിക്കും. ആത്മീയാനുഗ്രഹങ്ങളിൽ സുപ്രധാനം **പരിശുദ്ധാത്മാവിനെ ലഭിക്കൽ** ആണ്. രണ്ടാമത്തേത് കൃപയാലുള്ള വിശ്വാസത്താൽ ലഭ്യമാകുന്ന **രക്ഷയുടെ സന്തോഷമാണ്**. മൂന്നാമത്തത് ഇവ രണ്ടിനും കാരണമായ **പാപവിമോചനാനുഭവമാണ്**. അത് മാനസാന്തരത്തിന്റെയും വീണ്ടുംജനനത്തിന്റെയും സത്തയാണ്. ആത്മീയ അനുഗ്രഹങ്ങളിൽ നാലാമത്തേത് **വചനപരിജ്ഞാനം** ആർജ്ജിക്കാനുള്ള ആഗ്രഹവും, അനുഗ്രഹത്തെ സ്വപരിശ്രമത്താലുംകൂടി വളർത്തിയെടുക്കുവാൻ ശ്രമിക്കുമ്പോൾ ലഭ്യമാകുന്ന ആന്തരികസമാധാനവുമാണ്. ആ പരിജ്ഞാനമാണ് സാക്ഷ്യം പറച്ചിലിലേക്കും സുവിശേഷപ്രഘോഷണത്തിലേക്കും നയിക്കുക. പിന്നീടത് രോഗശാന്തിയും ഭൂതശാന്തിയും പ്രവചനവും കൊടുക്കുന്ന തലങ്ങളിലേക്കുയരും. ആ ഉയർച്ച സ്നാനത്തിലേക്കും സഭാരാധന




യിലേക്കും കൊണ്ടെത്തിക്കും. തുടർന്ന് 52 ഞായറാഴ്ചകളിലൊ വെള്ളിയാഴ്ചകളിലൊ ഉള്ള അതിശക്തമായ ആരാധനാനുഭവവും വചനപഠനാനുഭവവും കൊണ്ട് നിറയും. ക്രൂശിക്കപ്പെട്ട ക്രിസ്തുവിലൂടെയും ക്രിസ്തുവിൽ നിന്നുമാണ് അനുഗ്രഹങ്ങളൊക്കെയും. 5-ാമത്തേത് താഴ്ചയോടെ ക്രൈസ്തവജീവിതം നയിക്കുമ്പോൾ ലഭിക്കുന്ന അഭിഷേകാത്മാവിന്റെ സ്പർശനത്താലും ഉപയോഗത്താലും ലഭിക്കുന്ന (പരിശുദ്ധാത്മാവിന്റെ) കൃപാവര ഫലങ്ങളെ ഉപയോഗിക്കലും, വീണ്ടും വരുവാൻ സമയമടുത്ത് വരുന്ന ക്രിസ്തുവിന്റെ വരവിനായി വിശുദ്ധിയെ തികച്ചും (2 കൊറി.7:1) കാത്തിരിപ്പുമാണ്. ഈ ആത്മീയാനുഗ്രഹങ്ങളാണ് കവിഞ്ഞൊഴുകേണ്ടത്. ജീവിക്കാനാവശ്യമായ ആരോഗ്യവും, ജോലിയും ഭവനവും, കല്യാണവുമൊക്കെ മത്താ.6:33 അനുസരിച്ച് തീർച്ചയായും ലഭിക്കും. "ഒന്നാമതായി എന്റെ രാജ്യവും നീതിയും തേടുക. ബാക്കിയെല്ലാം കൂട്ടിച്ചേർത്തുകൊള്ളാം". പക്ഷെ ഇവയൊക്കെയും പ്രയോജകീഭവിക്കുന്നത്, ഒരു "യഥാർത്ഥസഭയെ" തിരെഞ്ഞെടുക്കുന്നതിലൂടെയും ആ സഭയെ വളർത്തിയെടുക്കാൻ അശ്രാന്തം പരിശ്രമിക്കുന്നതിലൂടെയും ആണ്; മാത്രമല്ല ദുരുപദേശങ്ങൾ സഭയിൽ കടന്നുകൂടാതെ നോക്കുകയും കടന്നുകൂടിയാൽ എന്തു വില കൊടുത്തും അവയെ പരാജയപ്പെടുത്തുക എന്നതുമാണ്.

## സാത്താന്റെ തന്ത്രങ്ങൾ ദുരുപദേശങ്ങളിലൂടെ

"സാത്താൻ നമ്മെ തോല്പിക്കരുത്, അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ" (2 കൊറി.2:11). ഉപരിപ്ലവമായ ആത്മീയതകൊണ്ട് ക്രിസ്തുവിനെ ആർജ്ജിച്ചെടുക്കുവാൻ കഴിയുകയില്ല.

ലോകസ്ഥാപനത്തിന് മുമ്പെ ദൈവം ക്രിസ്തുവിൽ സഭയെ തിരഞ്ഞെടുത്തുവെന്ന് നാം എഫേസ്യലേഖനം 1:4-ൽ കാണുന്നുണ്ടെങ്കിലും, സഭയുടെ ശാസ്ത്രീയമായ ആവിർഭാവം പെന്തക്കോസ്തുനാളിലെ ആത്മമാരി വർഷിക്കലിലൂടെയാണ് (അപ്പൊ.2,3 അദ്ധ്യായങ്ങൾ) ഉണ്ടായത്. കാലാകാലങ്ങളിൽ ദുരുപദേശങ്ങൾ വ്യത്യസ്ത സഭകളിലൂടെ നുഴഞ്ഞുകയറിയിട്ടുണ്ട്. അപ്പൊസ്തലനായ പൗലോസ് നുഴഞ്ഞുകയറുവാനിടയുള്ള ദുരുപദേശങ്ങളെ തകർക്കേണ്ടതുണ്ട്എന്നു പറയുന്നത് കേൾക്കണ്ടേ ? "അങ്ങനെ നാം ഇനി മനുഷ്യന്റെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട് **ക്രിസ്തു എന്ന തലയോളം** സകലത്തിലും വളരുവാൻ ഇടയാകും" (എഫേ.4:14,15). അതുപോലെ കൊളോ.2:20-23 വചനങ്ങളിൽ "നിങ്ങൾ ക്രിസ്തുവിനോടുകൂടി ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ചു മരിച്ചുവെങ്കിൽ ലോകത്തിൽ ജീവിക്കുന്നവരെപ്പോലെ മാനുഷകല്പനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായി : പിടിക്കരുത്, തൊടരുത്, രുചിക്കരുത്, എന്നുള്ള ചട്ടങ്ങൾക്ക് കീഴ്പ്പെടുന്നതെന്ത് ? ഇതെല്ലാം ഉപയോഗത്താൽ നശിച്ചുപോകുന്നതത്രെ".

അതൊക്കെയും സ്വേച്ഛാരാധനയിലും താഴ്മയിലും ശരീരത്തിന്റെ ഉപേക്ഷയിലും രസിക്കുന്നവർക്ക് ജ്ഞാനത്തിന്റെ പേര് മാത്രമുള്ളത്; ജഡാഭിലാഷം അടക്കുവാനോ പ്രയോജനമുള്ളതല്ല. അതെ, ദൈവം ഉണ്ടാക്കിയിട്ടുണ്ട് ഉപദേശങ്ങൾ,ബൈബിളിലൂടെ. മനുഷ്യരോ മനുഷ്യരുടെ ഗ്രൂപ്പോ അവയുണ്ടാക്കുമ്പോൾ അവ ദുരുപദേശങ്ങളായി മാറും. യേശയ്യാവ് പറയുന്നു: "ഈ ജനം അടുത്തുവന്ന് വായ്കൊണ്ടും അധരംകൊണ്ടും എന്നെ ബഹുമാനിക്കുന്നു; എങ്കിലും തങ്ങളുടെ ഹൃദയത്തെ അവർ എങ്കൽ നിന്നും അകറ്റിവെച്ചിരിക്കുന്നു. എന്നോടുള്ള അവരുടെ ഭക്തി മന:പാഠമാക്കിയ മാനുഷകല്പനകളത്രെ; ഇതു കാരണത്താൽ ഞാൻ ഈ ജനത്തിന്റെ ഇടയിൽ ഇനിയും ഒരു അത്ഭുതപ്രവൃത്തി, അത്ഭുതങ്ങളും ആശ്ചര്യവും ആയ പ്രവൃത്തി തന്നെ, ചെയ്യും; അവരുടെ ജ്ഞാനികളുടെ ജ്ഞാനം നശിക്കും" (ഏശ.29:12,14).

റോമ.7:27,28"ആകയാൽ പ്രശംസ എവിടെ ? അത് പൊയ്പ്പോയി. ഏതു മാർഗ്ഗത്താൽ ? കർമ്മമാർഗ്ഗത്താലോ ? അല്ല, വിശ്വാസമാർഗ്ഗത്താലത്രെ. അങ്ങനെ മനുഷ്യൻ ന്യായപ്രമാണത്തിന്റെ പ്രവൃത്തി കൂടാതെ വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെടുന്നു, എന്ന് നാം അനുമാനിക്കുന്നു". ഈ തിരുവചനങ്ങളിലൂടെ പൗലോസ് അപ്പൊസ്തലൻ പഠിപ്പിക്കുന്നത് കർമ്മമാർഗ്ഗത്താൽ ദൈവത്തെ തേടുന്നത് ഭോഷ്കാണ് എന്നതാണ്. റോമ.4:5-ൽ കർത്താവിന്റെ ആത്മാവ് പഠിപ്പിക്കുന്നു "പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു"

പാപിയെ കർത്താവ് പ്രവർത്തി

# വിശ്വാസം (FAITH)

കൂടാതെ തന്നെ നീതീകരിക്കുന്നു. പക്ഷെ ശക്തമായ വിശ്വാസം ഹേതുവായിട്ടേ നീതീകരിക്കുകയുള്ളു. എങ്ങനെയാണ് ആചാരങ്ങൾ പാരമ്പര്യങ്ങളാകുന്നത് 1 പത്രൊ.1:18-ൽ പറയുന്നത് : "വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളക്കൊണ്ടല്ല ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രെ". നാം ഇവിടെ മനസ്സിലാക്കിയേ പറ്റൂ.

മനുഷ്യൻ പടച്ചുണ്ടാക്കുന്ന പരസ്യശൈലികൾ ദൈവതിരുമുമ്പിൽ നിരർത്ഥകവും വ്യർത്ഥവുമാണെന്ന്.കൊളോ.2:8-ലും ദൈവാത്മാവ്എഴുതിച്ചിരിക്കുന്നു,"തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ട് ആരും നിങ്ങളെ കവർന്നുകളയാതിരിപ്പൻ സൂക്ഷിപ്പിൻ. അത് മനുഷ്യരുടെ സമ്പ്രദായത്തിനൊത്തവണ്ണം, ലോകത്തിന്റെ ആദ്യപാഠങ്ങൾക്ക് ഒത്തവണ്ണം അല്ലാതെ, ക്രിസ്തുവിനൊത്തവണ്ണം അല്ല".

ആചാരാനുഷ്ഠാനങ്ങളോടൊപ്പം വ്യത്യസ്ത കൂദാശകളെയും സ്ഥാപിച്ചു വെച്ചിരിക്കുന്നു. സഭയെ വിശദീകരിക്കുവാനാണ് കൂദാശകൾ എന്നാണ് അവരുടെ അഭിപ്രായം. വെള്ളത്തിൽ മുങ്ങിയുള്ള അറിവിന്റെ പ്രായത്തിലെ സ്നാനവും കർതൃമേശയുമാണ് യേശുക്രിസ്തുവിനാൽ കല്പിതമായത്. കുമ്പസാരവും, പട്ടവും, വിവാഹവും ഒന്നും ബൈബിൾ അനുസരിച്ച് കൂദാശകളല്ല, ആചാരങ്ങൾ മാത്രമാണ്. പുണ്യവാളപുണ്യവതി കൊന്ത നമസ്ക്കാരഭക്തിയും ഒക്കെ ബൈബിൾവിരുദ്ധമായ അനുഷ്ഠാനങ്ങളാണ്. മരണാനന്തരഭക്തികർമ്മങ്ങളും ബൈബിൾ വിരുദ്ധം തന്നെ.

പെന്തക്കോസ്ത് ആദ്ധ്യാത്മികതയിലെ വിശുദ്ധിയും വേർപാടും എടുത്തവരും അറിഞ്ഞോ അറിയാതെയോ ചില കാര്യങ്ങളെആചാരാനുഷ്ഠാനശൈലിയിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. സാത്താനാണങ്ങനെ ചെയ്യിപ്പിക്കുന്നതെന്ന് അവർ അറിയുന്നില്ല. അവരോട് കൃപയാൽ അത് തിരിച്ചറിയുന്നവർ പറഞ്ഞാൽ പറയുന്നവർ ദുരുപദേശമാണ് പറയുന്നതെന്ന് അവർ തിരിച്ചടിച്ച് ദുരുപദേശങ്ങളിൽ ഉറച്ചുനിൽക്കുകയേ ഉള്ളൂ. ന്യൂജനറേഷൻ പെന്തക്കോസ്ത് മൂവ്മെന്റുകളെ സാത്താൻ നല്ലപോലെ സ്വാധീനിച്ചിട്ടുണ്ട് എന്നു വേണം കരുതാൻ.

## ക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടേയും ഉപദേശം

ദൈവത്തിലേയ്ക്ക് എത്തുവാൻ വേറെ ഉപാധികളില്ല. ക്രിസ്തുവാകുന്ന ഏകവഴിയേ ഉള്ളൂ. "ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു" (യോഹ.14:6). "എന്നെ കണ്ടിരിക്കുന്നവൻ പിതാവിനെ കണ്ടിരിക്കുന്നു" ഇത് സഭയുടെ അടിസ്ഥാന ചിന്തയാണ്. "കർത്താവ് താൻ പറഞ്ഞു തുടങ്ങിയതും, ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ട് സാക്ഷി നിന്നതും, കേട്ടവർ നമുക്കുറപ്പിച്ചുതന്നതുമായ മഹത്തായ രക്ഷ" യുടെ സന്ദേശമാണ് ക്രിസ്തീയ ഉപദേശത്തിന്റെ കാതൽ (എബ്രാ.2:3,4). യഥാർത്ഥരക്ഷയുടെ കാതലും സന്ദേശവുമാണ് ഇവിടെ രേഖപ്പെടുത്തിയത്.

ക്രിസ്തുവിന്റെ സ്നേഹം നാം അറിയണം, ക്രിസ്തുവിന്റെ വിശുദ്ധി നമ്മിലേക്ക് പകരണം, ക്രിസ്തു പഠിപ്പിച്ച സത്യങ്ങൾ നാം പഠിക്കയും മറ്റുള്ളവരെ പഠിപ്പിക്കുകയും വേണം. ക്രിസ്തുവിന് വേണ്ടി നാം ജീവിക്കണം; ക്രിസ്തുവിന് വേണ്ടി നാം മരിക്കണം; ക്രിസ്തുവിനെ വിശ്വാസത്തോടുകൂടി ഏറ്റുപറയുവാൻ ഇടവരുമ്പോൾ ധീരോദാത്തമായി ഒരു ശുശ്രൂഷ ചെയ്യുമ്പോൾ കൊല്ലപ്പെടുക സ്വാഭാവികം മാത്രമാണ്, ക്രിസ്തുവിന്റെ ശത്രുക്കളിലൂടെ. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവംഇല്ല; ഉപദേശത്തിൽ നിലനിൽക്കുന്നവനോ പിതാവും പുത്രനും ഉണ്ട്" (2 യോഹ.9). അതെ ക്രിസ്തുവിന്റെ ഉപദേശത്തിൽ നാം നിലനിൽക്കണം; ക്രിസ്തുവിൽ വസിക്കുകയും ക്രിസ്തു നമ്മിൽ വസിക്കുകയും വേണം.

ക്രിസ്തീയ ഉപദേശം ക്രിസ്തു എന്ന ദൈവത്തിൽ നിന്നും വന്നതാണ്. അദ്ധ്യാപകരിലൂടെ ടെക്സ്റ്റ് പഠിക്കുമ്പോലെയല്ല ക്രിസ്തീയ ഉപദേശം സ്വീകരിക്കൽ. ടെക്സ്റ്റ് പഠിക്കാൻ സ്വന്തം ബുദ്ധി നമ്മൾ ഉപയോഗിക്കണം. ബൈബിൾ പഠിക്കാൻ ക്രിസ്തുവിന്റെ ആത്മാവ് നമുക്ക് കൃപ തരും. "എന്റെ ഉപദേശം എന്റേതല്ല എന്നെ അയച്ചവന്റേതാണ്" എന്ന് യോഹ.7:16-ൽ. "എല്ലാ തിരുവെഴുത്തുകളും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും, ശാസനത്തിനും, ഗുണീകരണത്തിനും, നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു" (2 തിമോ.3:16,17).

## ക്രിസ്തീയ വിശ്വാസപ്രമാണങ്ങൾ ഏവ ?

1. ബൈബിൾ ദൈവശ്വാസീയമായ വെളിപാടാണ്. ജീവിതത്തിന്റെയും വിശ്വാസ




ത്തിന്റെയും പരമോന്നതവും അന്തിമവുമായ പ്രമാണ ഗ്രന്ഥമാണ് 66 പുസ്തകങ്ങളുടെ സമാഹാരമായ വിശുദ്ധവേദപുസ്തകം. 40-ഓളം മാനുഷിക എഴുത്തുകാരെ ഉപയോഗിച്ചുകൊണ്ട് പരിശുദ്ധാത്മാവാണ് ബൈബിൾ രചന നടത്തിയത്.ബൈബിളിലെവചനങ്ങൾ ആത്മാവും ജീവനും പകരുന്നു.

2. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്തങ്ങളിൽ ഏകസത്യ ദൈവം, നിത്യമായി സ്ഥിതി ചെയ്യുന്നു.

3. ഹവ്വായിലാരംഭിച്ച മനുഷ്യപാപം പരിഹരിക്കാൻ പരിശുദ്ധാത്മാവിന്റെ സഹായത്താൽ സ്ത്രീയുടെ സന്തതി (ഉല്പ.3:15) യായി മശിഹായായി യേശുക്രിസ്തു വന്ന് നമ്മുടെ പ്രതിനിധിയായി ക്രൂശിതമരണവും ഉത്ഥാനവും സ്വർഗ്ഗാരോഹണവും പരിശുദ്ധാത്മപ്രേഷണവും നടത്തി തന്നിൽ വിശ്വസിക്കുന്നവർക്കെല്ലാം പാപവിമോചനവും രക്ഷയും നിത്യജീവനും നൽകുവാൻ ദൈവപിതാവിന്റെ മഹാജ്ഞാനത്താൽ തീരുമാനമായി.

4. ദൈവപുത്രനും ദൈവവുമായ യേശുവിൽ ആത്മാർത്ഥമായി ആരൊക്കെ വിശ്വസിക്കുന്നുവോ അവരെ പരിശുദ്ധാത്മാവ് കൃപയാൽ എപ്പോഴും സംരക്ഷിക്കുകയും, പിതാവ് എപ്പോഴും നീതീകരിക്കുകയും വിശുദ്ധീകരിക്കുകയും തേജസ്ക്കരിക്കുകയും ചെയ്യും.

5. എന്നാൽ മാനസാന്തരവും വീണ്ടും ജനനവും വിശ്വാസവും കൂടാതെ ആർക്കും ഈ രക്ഷയെയും കൃപയെയും നിലനിർത്തുവാൻ കഴിയുകയില്ല. വിശുദ്ധിയും വിശ്വാസവും ദൈവകൃപയാലാണ് ലഭ്യമാവുക എങ്കിലും അവ പ്രാപിച്ചെടുക്കുവാനുള്ള സമർപ്പണജീവിതം നമ്മുടെ ഭാഗത്തുനിന്നുണ്ടാകണം.

6. സഭയുടെ പ്ലാറ്റ്ഫോമിലാണ് ഈ കൃപയുടെ സംരക്ഷണം ലഭ്യമാവുക. കാരണംമാനസാന്തരപ്പെട്ട് വീണ്ടുംജനനം പ്രാപിച്ച ദൈവമക്കളുടെ, വേർപാടും വിശുദ്ധിയും എടുത്തവരുടെ സമൂഹമാണ് സഭ. സഭയെ നയിക്കുന്നത് അപ്പൊസ്തലന്മാരും പ്രവാചകന്മാരും ഇടയന്മാരും (എഫേ.4:11) അടങ്ങിയ സമൂഹം പരിശുദ്ധാത്മാവിന്റെ നിരന്തര സംസർഗ്ഗത്തിലൂടെയാണ്. യേശുക്രിസ്തു തലയും ദൈവജനം ഉടലുമായ **സത്യസഭയുടെ** ആന്തരികജീവൻ ക്രിസ്തുവിന്റെ രക്തവും പരിശുദ്ധാത്മാവിന്റെ അഭിഷേകവും വചനസത്യങ്ങളുടെ ശക്തിയും ചേർന്ന് നമുക്ക് നൽകുന്ന നിത്യജീവന്റെ ആത്മീയസ്വപ്നങ്ങളാണ്.

7. ക്രിസ്തു വീണ്ടും വരും, തന്റെ മണവാട്ടിയെ ചേർത്തുകൊൾവാൻ. അതുകൊണ്ട് എപ്പോഴും നാം ആത്മീയമായി ഒരുങ്ങിയിരിക്കണം.

8. ദൈവസ്നേഹത്തിൽ അധിഷ്ഠിതമായ സഹോദരസ്നേഹത്തോടും, പ്രാർത്ഥന




To Help us (only india)

ഇന്ത്യയ്ക്കകത്തു നിന്നു മാത്രമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് അയച്ചു തരിക

ചർച്ച് ഓഫ് ഇറ്റേണിറ്റി
A/c No: 1034 0100 205 721
ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്,
എറണാകുളം, IFSC Code : FDRL 000 1034

Church of Eternity
A/c No: 1034 0100 205 721
Federal bank, Trikkakkara Branch
Ernakulam, IFSC Code : FDRL 000 1034




യിൽ അധിഷ്ഠിതമായ ആരാധനാ ജീവിതത്തോടുംകൂടി വിശുദ്ധിയെ തികച്ചുകൊണ്ടായിരിക്കണം, നമ്മുടെ വിശ്വാസജീവിതം .

9. ദുരുപദേശങ്ങളെയും കള്ളപ്രവചനങ്ങളെയും ബിംബാരാധന ഉൾപ്പെടെയുള്ള ചലനരഹിത ഉപദേശങ്ങളെയും എല്ലാം, സത്യ ഉപദേശങ്ങളെ സ്വീകരിച്ചുകൊണ്ട് ക്രിസ്തീയ കൂട്ടായ്മകൾ ചേർന്ന് പരാജയപ്പെടുത്തേണ്ടതുണ്ട്.

10. പുതിയനിയമ ഉപദേശങ്ങളെയാണ്, അവയുടെ നിഴൽ സംഭവങ്ങളായ പഴയനിയമത്തോടൊപ്പം നാം സ്വീകരിക്കേണ്ടത്. ക്രിസ്തുവിന്റെ ഉപദേശങ്ങളും ക്രിസ്തുവിന്റെ സ്നേഹവും, അപ്പൊസ്തലിക ഉപദേശങ്ങളും സ്വീകരിച്ചുകൊണ്ട് "കൃപയാലുള്ള വിശ്വാസജീവിത"ത്തിനും പരിശുദ്ധാത്മനിറവിനും, സ്നാനവും കർതൃമേശയും എടുത്ത്, ജയാളിയായ ക്രിസ്തുവിനോട് ചേർന്ന് നാം ജീവിക്കണം.

11. ആദ്യം മദ്ധ്യാകാശത്തും, വീണ്ടും മണവാട്ടിയുമായി ഒലിവുമലയിലേക്കും, എത്തുന്ന കർത്താവ് സഹസ്രാബ്ദയുഗാരംഭത്തിൽ, മഹോപദ്രവകാലത്ത് ക്രിസ്തുവിനുവേണ്ടി ജീവിച്ചു മരിച്ച വിശുദ്ധരെയും, പഴയകാല വിശുദ്ധഗണത്തെയും, യഹോശാഫാത്ത് താഴ്‌വരയിൽ നടക്കുന്ന മഹാ യുദ്ധത്തിന്റെ കാലത്ത് മാനസാന്തരപ്പെട്ട് ക്രിസ്തുവിനെ ദൈവമായി തിരിച്ചറിഞ്ഞ് യിസ്രയേൽജനത്തെയും ചേർത്ത് സഹസ്രാബ്ദയുഗം. ഈ കൃപായുഗത്തിന് ശേഷം അന്തിമന്യായവിധിയോടെ, നിത്യത പിതാവിന്റടുത്ത് ആരംഭിക്കുന്നു.

ഈ പരമമായ ലക്ഷ്യത്തെ പ്രത്യക്ഷമായും പരോക്ഷമായും സാത്താൻ എതിർക്കുന്നു. അതിന് സാത്താൻ ചില മതസംഘടനകളെയോ വ്യക്തികളെയോ ഉപയോഗിക്കുന്നു. പിന്നീട് അവർ കൾട്ട് ഗ്രൂപ്പുകളായി അധ:പതിക്കുന്നു.

**ശാപമഴിയ്ക്കൽ എന്ന ദുരുപദേശം സമൃദ്ധിയുടെ ദൈവശാസ്ത്രവും ശാപമഴിയ്ക്കൽ ശുശ്രൂഷയും**

സമൃദ്ധിയുടെ ദൈവശാസ്ത്രമെന്ന അത്യാഗ്രഹ സുവിശേഷം ഒരു പൈശാചിക ഉപദേശമാണ്. എങ്ങനെ ധനികനാകാമെന്നും ആഗ്രഹിക്കുന്നതൊക്കെ തരുവാൻ ക്രിസ്തു മതിയായവനാണെന്നും ഉള്ള പ്രബോധനമാണ് അവർ നൽകുന്നത്. അഭിവൃദ്ധിയുടെ സുവിശേഷകർ പറയുന്നു യേശു ഏറ്റവും വലിയ സമ്പന്നനാണെന്ന്. "നമ്മുടെ കർത്താവായ യേശു സമ്പന്നനായിരുന്നിട്ടും അവന്റെ ദാരിദ്രത്താൽ നിങ്ങൾ സമ്പന്നരാകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായി തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ" (2 കൊറി.8:9). മറ്റൊരു വചനസന്ദർഭം പരിശോധിക്കാം. "അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെപിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ ദാസ്യരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ, ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു" (ഫിലി.2:6-8). അതെ, യേശു എന്നും തന്നെത്താൻ ശൂന്യനാക്കുന്നവൻ ആയിരുന്നു.

"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പഥ്യവചനവും ഭക്തിക്കൊത്ത ഉപദേശവും അനുസരിക്കാതെ അന്യഥാ ഉപദേശിക്കുന്നവൻ ഒന്നും തിരിച്ചറിയാതെ തർക്കത്തിന്റെയും വാഗ്വാദത്തിന്റെയും ഭ്രാന്ത് പിടിച്ച് ചീർത്തിരിക്കുന്നു. അവയാൽ അസൂയ, ശണ്ഠ, ദൂഷണം, ദുസ്സംശയം, ദുർബുദ്ധികളും സത്യത്യാഗികളുമായ മനുഷ്യരുടെ വ്യഥാവാദം എന്നിവ ഉളവാകുന്നു. അവർ ദൈവഭക്തി ആദായസൂത്രമെന്ന് എണ്ണുന്നു. അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായമാകുന്നു താനും. ഇഹലോകത്തിലേക്ക് നാം ഒന്നും കൊണ്ടുവന്നിട്ടില്ല; ഇവിടെനിന്ന് യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല. ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്ന് നാം വിചാരിക്ക. ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു. ദ്രവ്യാഗ്രഹം സകല വിധ ദോഷത്തിനും മൂലമല്ലോ. ഇത് ചിലർ കാംക്ഷിച്ചിട്ട് വിശ്വാസം വിട്ടുഴന്ന് ബഹു ദു:ഖങ്ങൾക്ക് അധീനരായിത്തീർന്നിരിക്കുന്നു" (1 തിമൊ.6:3-10). കർത്താവിന്റെ സുവിശേഷം സമ്പന്നത തേടുന്ന കുറുക്കുവഴിയാണെന്ന സമൃദ്ധിയുടെ സുവിശേഷകന്മാരുടെ വഞ്ചനാപരമായ ദൈവശാസ്ത്രം ആണ് എന്നതിന് മേലുദ്ധരിച്ച വചനം ഒന്നുരണ്ടു പ്രാവശ്യം മനസ്സിരുത്തി വായിക്കുന്നവർക്ക് മനസ്സിലാകും. യഹോവാസാക്ഷി, ശാപത്മിഷൻ, മോർമോൺസ്, യൂണിറ്റേറിയൻ, എംപറർ ഇമ്മാനുവേൽ തുടങ്ങിയവർ ദുരുപദേശങ്ങളാണ് പ്രചരിപ്പിക്കുന്നതെന്ന് സാമാന്യമായി എല്ലാവർക്കും അറിയാം. എന്നാൽ സമൃദ്ധിയുടെ ദൈവശാസ്ത്രക്കാർ നടത്തുന്ന തട്ടുപൊളിപ്പൻ പ്രസംഗങ്ങളും



# വിശ്വാസം (*FAITH*)

അവരുടെ ടിവി മിനിസ്ട്രി വഴി നടത്തുന്ന സാക്ഷ്യങ്ങളും ഒക്കെക്കൂടെ ജനക്കൂട്ടത്തെ ആകർഷിക്കുക തന്നെ ചെയ്യും. കുറെ വർഷങ്ങൾകൊണ്ടാണ് ആ പ്രസംഗകർക്ക് ആവശ്യത്തിനുമപ്പുറവുമുണ്ടാകുന്നു, എന്നും വലിയ സമ്പന്നരും ബിസിനസ്സുകാരുമാകുന്നു, എന്നും തങ്ങൾ ആത്മീയമായും ഭൗതീകമായും വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്നു, എന്നും മനസ്സിലാവുക.

വിശ്വാസവചനപ്രസ്ഥാനക്കാരുടെ വളർച്ച അവരെ ശാപമഴിക്കൽ ശുശ്രൂഷയിലേക്ക് അതിശക്തമായി കൊണ്ടെത്തിച്ചുകഴിഞ്ഞിരിക്കുകയാണ്. ശാപം പൊട്ടിക്കൽ (curse - breaking) എന്നോ ശാപമഴിക്കൽ എന്നോ പറയപ്പെടുന്ന ഈ ദുരുപദേശവും വൈദേശിക ഇറക്കുമതി ചരക്കാണ്. പൂർവ്വികരുടെ പാപങ്ങളും, സാഹചര്യങ്ങളിലൂടെ സംഭവിക്കുന്നവയിൽ ചിലതും നമ്മെ പരാജയപ്പെടുത്തത്തക്ക വിധത്തിൽ ശാപങ്ങളായി തുടരുന്നതുകൊണ്ടാണ് ജീവിതം അമ്പേ പരാജയപ്പെടുന്നതെന്ന് ശാപമഴിക്കൽ ശുശ്രൂഷക്കാർ അഭിപ്രായപ്പെടുന്നു. ഏതെങ്കിലും ഒരു ശാപം വീണ്ടും ജനിച്ചവരെയും പരിശുദ്ധാത്മസ്നാനം ലഭിച്ചവരെയും പിന്തുടരുന്നു എന്ന് ഭാരതത്തിലും വിദേശത്തുമുള്ള ജനലക്ഷങ്ങളെ ആകർഷിക്കുന്നവർ എന്ന് കരുതപ്പെടുന്നവർ പഠിപ്പിക്കുന്നു. ഇത് ദുരുപദേശമാണ്.

ശാപമഴിക്കൽ ശുശ്രൂഷക്കാർ പറയുന്ന വചനസന്ദർഭങ്ങൾ വിലയിരുത്തപ്പെടുമ്പോൾ അതിൽ അല്പം കാര്യങ്ങളില്ലേ എന്ന് സംശയം തോന്നുകയും ചെയ്യും. ഉദാഹരണമായി ദാവീദിനെ എടുക്കാം. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ തന്നെ എന്ന് വിളിച്ചിരുന്ന ദാവീദ് എങ്ങനെയാണ് ബെത്ശേബയുമായി പാപം ചെയ്തതും അവളുടെ ഭർത്താവിനെ കൊല്ലിച്ചതും? അവന്റെ മുതുമുത്തശ്ശിയായ രാഹാബ് ഒരു വേശ്യയായിരുന്നു, എന്നതാണ് ശാപം വെട്ടലുകാർ കണ്ടെത്തുന്നത്. അവന്റെ പുത്രനായ ശലമോൻ മഹാജ്ഞാനിയായിരുന്നുവെങ്കിലും, 720 ഭാര്യമാരും 300 വെപ്പാട്ടികളുമൊത്ത് ജീവിക്കുവാനുള്ള കാരണവും രാഹാബിന്റെ പാപം തലമുറ തലമുറയായി പകർന്നതുകൊണ്ടാണെന്ന് കരുതിപ്പോകുന്നതിൽ എന്താണ് ഇത്ര തെറ്റെന്ന് തോന്നാം.

ദൈവീകശാപങ്ങളും, തലമുറയുടെ ശാപങ്ങളും ഉള്ളതു കാരണമാണ് ചിലർ വന്ധ്യരായി തുടരുന്നതുകൂടാതെ ക്യാൻസർ വരുന്നതും, ബിസിനസ്സ് പൊട്ടുന്നതും, ചിത്തഭ്രമം ഉണ്ടാകുന്നതും, കുടുംബതകർച്ചകൾ ഉണ്ടാകുന്നതും എന്നാണക്കൂട്ടർ വാദിക്കുന്നത്. ഇതും വാസ്തവമായ ഉപദേശമാണെന്നേ തോന്നുകയുള്ളു. ഈ ഉപദേശത്തിന്റെ മറുവശമാണ് " Blessing Today" എന്ന ദുരുപദേശവും. ശാപത്തിന്റെ ബന്ധനങ്ങൾ അഴിക്കുവാൻ അനുഗ്രഹത്തിന്റെ ഉറവിടം തേടി ജനങ്ങൾ എത്തുക എന്നതും സർവ്വസാധാരണമാണ്.

## എന്താണ് സത്യം ?

യേശുക്രിസ്തുവിന്റെ ശുശ്രൂഷകളെ നാം പഠിക്കമ്പോൾ, മത്താ.21:19 -ലും മർക്കോ.11:14-ലും ഫലമില്ലാത്ത ഒരത്തിമരത്തെ കർത്താവ് ശപിക്കുന്നതും അതുണങ്ങിപ്പോകുന്നതും നാം കാണുന്നു. പക്ഷെ, ഏതെങ്കിലും ഒരു മുഷ്യനെ, യൂദായെപ്പോലും യേശുക്രിസ്തു ശപിക്കുന്നില്ല. തന്റെ പിതാവിന്റെ ആലയത്തെ കള്ളന്മാരുടെ ഗുഹയാക്കിയവരുടെ നേരെ "വടിയെടുത്തെ"ങ്കിലും, തല്ലിയില്ലെന്ന് മാത്രമല്ല അവരോട് ഏതെങ്കിലും ശാപവാക്കുകൾ പറഞ്ഞതായി നാം കാണുന്നുമില്ല.

ലൂക്കോ.6:28-ൽ കർത്താവ് പറഞ്ഞു "നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ. നിങ്ങളെ ദുഷിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ". "കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകയ്ക്കുക എന്നും അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത് : "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ. നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് പുത്രന്മാരായിത്തീരേണ്ടതിനു തന്നെ" (മത്താ.5:43,44,45). യേശുവിന്റെ ഇതേ പഠിപ്പിക്കൽ പൂർത്തീകരിക്കുന്നത് അപ്പൊസ്തലനായ പൗലോസിന്റെ ചിന്തകളോടെയാണ്. "മരത്തിന്മേൽ തൂങ്ങുന്നവനെല്ലാം ശപിക്കപ്പെട്ടവൻ എന്നെ ഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്ന് നമ്മെ വിലയ്ക്കു വാങ്ങി. അബ്രഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്കു വരേണ്ടതിന് നാം ആത്മാവെന്ന വാഗ്ദത്ത വിഷയം വിശ്വാസത്താൽ പ്രാപിപ്പാൻ തന്നെ" (ഗലാ.3:13,14).

ക്രിസ്തുയേശുവിന്റെ ക്രൂശിതമരണം, വിശ്വസിക്കുന്നവരുടെ പാപശാപങ്ങൾ എല്ലാം സ്വയം ഏറ്റെടുത്തുകൊണ്ടായിരുന്നു. ക്രിസ്തുവിൽ ശക്തമായി വിശ്വസിക്കുന്നവന് ശാപങ്ങളില്ല ഇനി. ഉണ്ടായിരുന്നു. ക്രിസ്തു അവയെ തകർത്തുകളഞ്ഞു, ക്രൂശിതമരണത്താൽ.

ശേഷം 31-ാം പേജിൽ

# അനുഗ്രഹത്തിന്റെ പെരുമഴ



എന്റെ പേര് അനിത. ഭർത്താവിന്റെ പേര് മണി. ഞങ്ങളുടെ വിവാഹം 2010-ലായിരുന്നു. 3 വർഷമായിട്ടും ഞങ്ങൾക്ക് കുട്ടികളെ ലഭിച്ചില്ല. അതിനുള്ള സാധ്യതകളുമില്ലെന്ന് ഡോകടർ പറഞ്ഞിരുന്നു. ഞങ്ങൾ ആകെ നിരാശയിലായി. അങ്ങനെയാണ് 2013-ൽ ദേവസ്യാ മുല്ലക്കരസാറിന്റെ നേതൃത്വത്തിലുള്ള ഒരു പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുക്കുവാൻ ഇടവന്നത്. അവിടെവച്ച് സാർ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ദൈവം ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്തു. ഞങ്ങൾക്ക് കൃപയാൽ ഒരു കുഞ്ഞിനെ കിട്ടി. കുഞ്ഞിന്റെ പേര് അമയ.യേശുവേ നന്ദി.

മണി & അനിത

ഇളച്ചിറ, Ph:9744472137



ഞാൻ ഐസക്ന്യൂട്ടൺ. എനിക്ക് 7 വർഷമായി മക്കൾ ജനിക്കാതിരിക്കുകയായിരുന്നു. അങ്ങനെയിരിക്കെ ഞാൻ ദേവസ്യാ സാറിന്റെ കൃപാവരങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുക്കുവാൻ ഇടയായി. അവിടെവെച്ച് സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും കർത്താവ് എനിക്കുവേണ്ടി ഒരത്ഭുതം ചെയ്യുകയും ചെയ്തു. എനിക്ക് ഒരു മകനെ ലഭിച്ചു. ഉദരഫലം ദൈവത്തിന്റെ ദാനം എന്ന വചനം എന്റെ ജീവിതത്തിൽ പ്രാവർത്തികമായി. യേശുവേ നന്ദി.

മകന്റെ പേര് അഭിഷേക് ന്യൂട്ടൺ.

ഐസക്ന്യൂട്ടൺ, കളിയിക്കാവിള

Ph: 9787404019



എന്റെ പേര് പ്രിൻസി. ഭർത്താവിന്റെ പേര് ബാബു. ഞങ്ങൾക്ക് ഒന്നര വർഷത്തോളമായി മക്കളില്ലാതെയിരിക്കുകയായിരുന്നു. മാത്രമല്ല ഡോക്ടേഴ്സ് പറഞ്ഞത് മക്കളുണ്ടാകാൻ സാധ്യതകളുമില്ല എന്നായിരുന്നു.ദേവസ്യാ മുല്ലക്കരസാറിനെ ഫോണിൽ വിളിച്ചു പ്രാർത്ഥനക്കുശേഷം ആത്മാവിൽ സാർ ഞങ്ങളോടു പറഞ്ഞത് 5 മാസത്തിനുള്ളിൽ ഗർഭം ധരിക്കുമെന്നാണ്. അതുപോലെ തന്നെ സംഭവിച്ചു. ഞങ്ങൾക്ക് 2013-ൽ കുഞ്ഞിനെ ലഭിക്കുകയും ഇപ്പോൾ രണ്ടാമതൊരു കുഞ്ഞിനെക്കൂടി ലഭിക്കുകയും ചെയ്തു. ഇത്രത്തോളം ഞങ്ങളെ അനുഗ്രഹിച്ച കർത്താവിനെ ഞങ്ങൾ സ്തുതിക്കുന്നു.

പ്രിൻസി & ബാബു

ചിറയിൻകീഴ്.ആഴൂർ Ph: 9746668513

**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട്
(ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

# വിശ്വാസം (FAITH)



റോമാലേഖനം 7-ാം അദ്ധ്യായത്തിലെ ആദ്യത്തെ 6 വാക്യങ്ങൾ ശ്രദ്ധവെച്ച് പഠിച്ചാൽ നമുക്ക് മനസ്സിലാകും നമ്മെ ക്രിസ്തു സകല പാപങ്ങളിൽ നിന്നും ശാപങ്ങളിൽ നിന്നും വിടുവിച്ചു എന്ന്. “സഹോദരന്മാരെ ന്യായപ്രമാണം അറിയുന്നവരോടല്ലോ ഞാൻ സംസാരിക്കുന്നത്. മനുഷ്യൻ ജീവനോടെയിരിക്കുന്ന കാലത്തൊക്കെയും ന്യായപ്രമാണത്തിന് അവന്റെമേൽ അധികാരങ്ങൾ ഉണ്ട് എന്ന് നിങ്ങൾ അറിയുന്നില്ലയോ ? ഭർത്താവുള്ള സ്ത്രീ, ജീവിച്ചിരിക്കുന്ന ഭർത്താവിനോട് ന്യായപ്രമാണത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഭർത്താവ് മരിച്ചാൽ അവർ ഭർതൃന്യായപ്രമാണത്തിൽ നിന്ന് ഒഴിവുള്ളവളായി. ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ അവൾ വേറെ പുരുഷന് ആയാൽ വ്യഭിചാരിണി എന്നു പേർ വരും; ഭർത്താവ് മരിച്ചു എങ്കിലോ അവൾ വേറെ പുരുഷന് ആയാൽ വ്യഭിചാരിണി എന്ന് വരാതെവണ്ണം ന്യായപ്രമാണത്തിൽനിന്നു സ്വതന്ത്രയാകുന്നു. അതുകൊണ്ടു സഹോദരന്മാരേ, നാം ദൈവത്തിനു ഫലം കായ്ക്കുമാറ്, മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവനായ വേറൊരുവന് ആകേണ്ടതിന് നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തരം ന്യായപ്രമാണം സംബന്ധമായി, മരിച്ചിരിക്കുന്നു. നാം ജഡത്തിലായിരുന്നപ്പോൾ ന്യായപ്രമാണത്താൽ ഉളവായ പാപരോഗങ്ങൾ മരണത്തിന് ഫലം കായ്ക്കത്തക്കവണ്ണം നമ്മുടെ അവയവങ്ങളിൽ വ്യാപരിച്ചുപോന്നു. ഇപ്പോഴോ, നമ്മെ പിടിച്ചടക്കിയിരിക്കുന്ന ന്യായപ്രമാണം സംബന്ധിച്ച് മരിച്ചിരിക്കകൊണ്ട്, അക്ഷരത്തിന്റെ പഴക്കത്തിലല്ല ആത്മാവിന്റെ പുതുക്കത്തിൽ തന്നെ സേവിക്കേണ്ടതിന് നാം ന്യായപ്രമാണത്തിൽ നിന്നും ഒഴിവുള്ളവരായിരിക്കുന്നു”. അതെ നാം ക്രിസ്തുവിൽ ശക്തമായി വിശ്വസിക്കുന്നതുകൊണ്ട് നമുക്ക് ന്യായപ്രമാണത്തിൽ നിന്ന് ഒഴിവുണ്ട്. ഗലാതൃലേഖനത്തിൽ പൗലോസപ്പൊസ്തലൻ പഠിപ്പിച്ച് പറയുന്നു “ഞാൻ ദൈവത്തിനായി ജീവിക്കേണ്ടതിന് ന്യായപ്രമാണത്താൽ ന്യായപ്രമാണസംബന്ധമായി മരിച്ചു. ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെ ത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കൽ ഉള്ള വിശ്വാസത്താൽ അത്രെ ജീവിക്കുന്നത്. ഞാൻ ദൈവത്തിന്റെ കൃപ വ്യർത്ഥമാക്കുന്നില്ല. ന്യായപ്രമാണത്താൽ നീതി വരുന്നുവെങ്കിൽ ക്രിസ്തു മരിച്ചത്‌വെറുതെയല്ലോ”?(ഗലാ.2:19,20,21).

ക്രിസ്തു മരിച്ചതും ഉയിർത്തതും ഒരു ഞാണിന്മേൽ കളി എന്ന അഭ്യാസമല്ലായിരുന്നു. തന്നിൽ വിശ്വസിക്കുന്ന സകലർക്കും പാപ, ശാപ, ബാധയിൽ നിന്ന് ഒഴിവു തന്ന് നിത്യതയോളം എത്തിക്കുവാൻ വേണ്ടിയാണ്.

## ഊതിവീഴ്ത്തലും ടൊറൊന്റോ ബ്ലസ്സിങ്ങും

“വീഴിക്കുന്ന ആത്മീയത”യെ പിശാച് ചിലരെ ഏല്പിച്ചിരിക്കുന്നു. ഒത്തെങ്കിൽ ഒന്ന് പോയി വീഴാമെങ്കിൽ നമ്മളൊക്കെ അനുഭവിക്കുന്ന ശാപഗ്രസ്തമായ ജീവിതത്തിന് ഒരു മാറ്റമുണ്ടാവുകയാണെങ്കിൽ ഉണ്ടാകട്ടെയെന്ന് ഒരു പറ്റം വിശ്വാസികൾ എന്നു കരുതുന്നവരും, വിചാരിക്കുന്നു.

വീഴുവാൻവേണ്ടി മുന്നോട്ടുവരുന്ന വ്യക്തികളുടെ തലയിലോ നെറ്റിയിലോ പിടിക്കുമ്പോൾ അവരോർക്കും ഇതൊരു മുന്തിയ അഭിഷിക്തനല്ലെ പിടിച്ചിരിക്കുന്നത്. ഇപ്പോൾ എന്നിലേക്ക് അഭിഷേകം പടരും, ഞാൻ തെറിച്ച് വീഴുകയും ചെയ്യും എന്ന്. വീഴിക്കുന്ന അഭിഷിക്തൻ ജനത്തെ നോക്കി ‘ടച്ച്’ എന്നോ ‘ഫയർ’ എന്നോ ‘പവ്വർ’ എന്നോ പറയുകയും ഒരു ജായ്ക്കറ്റുകൊണ്ടോ ടവ്വൽകൊണ്ടോ കയ്യിലിരിക്കുന്ന കുപ്പിയിലെ വെള്ളം തളിച്ചോ ചെറുതായോ വലുതായോ അട്ടഹസിക്കുമ്പോൾ ആളുകൾ പൊടുപൊടേന്ന് വീഴും. ഈ പ്രതിഭാസത്തിന് സ്ലെയിൻ ഇൻ ദി സ്പിരിറ്റ് (Slain in the Spirit) എന്നോ ഈ മിനിസ്ട്രിയെ സ്ലെയിംഗ് മിനിസ്ട്രിയെന്നോ പറയുന്നു.

“കൃപാവര പ്രാപ്തനായ ഒരാൾ ഇന്നാ പിടിച്ചോ ഏലിയാവിൻ പുതപ്പെന്നോ ‘ഫയർ’എന്നോ പറയാനും വേണം, വീഴാൻ കൊതിച്ചും ഭാവിച്ചും നിൽക്കുന്ന ജനവും, അക്കാര്യത്തിൽ രഹസ്യമായി ട്രെയിനിംഗ് ലഭിച്ച് പ്രത്യേക മുൻനിരക്കാരുമൊക്കെ ഉണ്ടായെന്നിരിക്കും. ചിലയിടത്ത് പുറകോട്ട് വീഴുന്നവരെ താങ്ങി, തലയോ മറ്റോ പൊട്ടാതെ ശുശ്രൂഷ ചെയ്ത് ദൈവത്തെ പ്രസാദിപ്പിക്കുന്നവരും ഉണ്ടാകും.

ദൈവം മനുഷ്യന്റെ മൂക്കിൽ ഊതിയപ്പോഴാണ് അവന് ജീവൻ വന്നതെന്ന് ഉല്പ. 2:7 ഉദ്ധരിച്ചുകൊണ്ട് ഇക്കൂട്ടർ പറയും. ഇന്നും ഊതിയാൽ ജീവാംശം അവരിലേക്ക് പകരുമെന്നും പറഞ്ഞേക്കും. യോഹ.20:22-ൽ പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ എന്നു പറഞ്ഞു ക്രിസ്തുവും ഊതിയെന്ന് അവർ പറഞ്ഞെന്നിരിക്കും. യെഹസ്കേൽ 37:9-ൽ “കാറ്റിനോട് പ്രവചിക്ക, മനുഷ്യപുത്രാ,

# വിശ്വാസം (FAITH)

നീ പ്രവചിച്ച് കാറ്റിനോട് പറയേണ്ടത്: യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു : ശ്വാസമെ, നീ നാല് കാറ്റുകളിൽ നിന്നും വന്ന് ഈ നിഹിതന്മാർ ജീവിക്കേണ്ടതിന് അവരുടെമേൽ ഊതുക" എന്നുമല്ലോ എന്നും ഞങ്ങളും അത്രയേ ചെയ്യുന്നുള്ളു എന്നും ഈ ഊതിവീഴ്ത്തലുകാർ അവകാശപ്പെടും. പക്ഷെ അതൊക്കെ ദൈവമാണ് ചെയ്തത്. ആത്മവിവശത വരുമ്പോൾ പരിശുദ്ധാത്മാവ് ആരിലൂടെയും പ്രവർത്തിക്കുമെന്ന മുടന്തൻ ന്യായവും പലരും പറയുന്നുണ്ട്. ഇതും തിരുവചനാടിസ്ഥാനത്തിൽ ദുരുപദേശമാണ്. സത്യവിശ്വാസത്തിൽ നിന്നും ദൈവജനത്തെ അകറ്റിക്കൊണ്ട് പോകാനുള്ള വിശ്വാസത്യാഗികളിൽ കൂടിയിരിക്കുന്ന അന്തിക്രിസ്തുവിന്റെ ആത്മാവാണ് ഇപ്രകാരം ചെയ്യിപ്പിക്കുന്നത്.

ദൈവതേജസ്സ് കണ്ട് ദൈവത്തിന് മുമ്പിൽ സാഷ്ടാംഗം വീണ് അവനെ വിശ്വാസത്താൽ ആരാധിച്ചവരെ ബൈബിൾ നമുക്ക് ചൂണ്ടിക്കാണിച്ചു തരുന്നുണ്ട്. ലൂക്കോ.8:38, മർക്കോ.3:11, വെളി.11:16, ലൂക്കോ.17:15,16, മത്താ.26:39, മത്താ.17:6,8 എന്നു തുടങ്ങി പുതിയനിയമത്തിലും യെഹസ്.44:4; 43:3; 3:23,24; 1:28; എന്നു തുടങ്ങി പഴയനിയമത്തിലും അങ്ങനെ നാം വായിക്കുന്നു. മലർന്നടിച്ച് ആരും വീണിട്ടില്ല. ആരും ആരെയും തള്ളിവീഴ്ത്തിയിട്ടുമില്ല. ദൈവസാന്നിധ്യത്തിന്റെ മുമ്പിൽ ആരാധനയോടെ സ്വയം വീഴുകയായിരുന്നു.

ഊതിവീഴ്ത്തൽ ഒരിക്കലും ആത്മാവിന്റെ പ്രകാശമല്ല. ഒരു കുപ്പിയിലെടുത്ത് പിടിച്ച് വെള്ളം തളിക്കുമ്പോൾ ആരെങ്കിലും വീഴുന്നതും വീഴിക്കുന്നതും ഒന്നും കൃപാവര ശുശ്രൂഷയല്ല. ആത്മാവിന്റെ ഇരട്ടി പങ്കെന്ന് ഇപ്രകാരം ചെയ്യുന്നവർ ഭോഷ്കാണ് പറയുന്നത്. വചനത്തിൽ ഈ കോപ്രാട്ടികൾക്കൊന്നും മതിയായ തെളിവുകൾ ഇല്ലെന്നു മാത്രമല്ല യേശുക്രിസ്തുവും അപ്പൊസ്തലന്മാരും പഠിപ്പിക്കാത്തവയുടെ വ്യാജമായ അനുകരണമാകയാൽ തികച്ചും പൈശാചികവും നിത്യജീവനിൽ നിന്നും ജനത്തെ അകറ്റിക്കൊണ്ടു പോകാനുള്ള ദുരുപദേശ ചെപ്പടിവിദ്യകളുമാണ്. ബാംഗ്ലൂരിലും ഹൈദരാബാദിലും ചെന്നൈയിലും നിന്ന് കേരളത്തിലേക്കും ഇവയുടെ ഹോൾസെയിൽ വ്യാപാരികൾ വലിയ ചാക്കുമായി ഇറങ്ങിയിട്ടുണ്ട്.

## ടൊറൊന്റൊ ബ്ലസിംഗ്

ഒരു തരം ദൈവീകമെന്നവകാശപ്പെടുന്ന ചുമയേയും ചിരിയേയും മൂളലിനെയുമാണ് ടൊറൊന്റൊ ബ്ലസിംഗ് എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത് (Toronto Blessing). വിശുദ്ധചിരി (Holy Laugher) എന്നും പറയാറുണ്ട്. വിശുദ്ധകുര എന്നും (Holy Barking) പേര് വീണിട്ടുണ്ട്.

ഏതെങ്കിലും ഒരു വ്യക്തി വചനം പറയുകയോ ദൂതുകൾ പറയുകയോ ചെയ്യുമ്പോൾ സദസ്സിൽ നിന്ന് ഒരാൾ പൊട്ടിപ്പൊട്ടിച്ചിരിക്കുകയോ മൂളുകയോ ഹോയ് വിളിക്കുകയോ ചെയ്തുകൊണ്ട് അങ്ങോട്ട് പരിശുദ്ധാത്മവിവശത പകർന്നിരിക്കുന്നുവെന്ന് ഭാവിക്കും. കുറുക്കനേപ്പോലെ ഓരിയിട്ടെന്നിരിക്കും ചിലർ. കോഴിയേപ്പോലെ കൂകിയെന്നിരിക്കും. ഇവയെല്ലാം പരിശുദ്ധാത്മാവിന്റെ വ്യത്യസ്ത പ്രകാശനങ്ങളാണെന്ന് (Manifestion) പറയുമ്പോൾ സാത്താൻ അവ കണ്ടാസ്വദിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്. ദക്ഷിണാഫ്രിക്കയിൽ നിന്നാണ് ഈ അനാത്മീയ വാണിജ്യചരക്ക് ആത്മീയഗോളത്തിൽ വില്പനക്കിറങ്ങിയത്. കാനഡയിലെ ഒന്റാറിയോ സംസ്ഥാനത്തുള്ള 'ടൊറൊന്റൊ എയർപോർട്ട് വിനിയാർഡ്' എന്ന സഭയാണ് ഈ ദുരുപദേശത്തെ വളർത്തിയത്.

ഇവയ്ക്കെല്ലാം കൃത്രിമ ഉണർവ്വുണ്ടാക്കാനേ കഴിയുന്നുള്ളു. അവയല്ലാം ദുരുപദേശങ്ങളും ആണ്.

## വർഷിപ്പ്ഡാൻസ്

'വർഷിപ്പ്' എന്നു പറയുമ്പോൾ പാടിയുള്ള ആരാധനയെയാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഹൃദയമൊരുക്കാനും ദൈവാവബോധത്തിലേക്ക് നമ്മെ കൊണ്ടു വരുവാനും താളബദ്ധമായ സംഗീതം ഏറ്റവും നല്ല മാദ്ധ്യമമാണ്. പഴയനിയമത്തിലുടനീളവും സങ്കീർത്തനങ്ങളിലെല്ലായിടത്തും തന്നെ ഗാനാമൃതം പൊഴിച്ചിട്ടുള്ള ദൈവസ്തുതിപ്പുണ്ട്, വളരെ ശരിയുമാണ്. പാട്ടുകൾ പാടുന്നതാണ് ആരാധനയെന്നതും അതൊരു പ്രത്യേക ലീഡറിനോടൊത്താണെങ്കിൽ ഒന്നാന്തരം ആരാധന ആയിരിക്കും എന്നും പറയുമ്പോൾ ആരാധന എന്നത് ഈ "പ്രെയിസ് & വർഷിപ്പാണ്" എന്ന ദുരുപദേശത്തിലേക്ക് വരും.

പാട്ടുകൾ ആരാധയിൽ ആവശ്യം തന്നെ. പാട്ടിന് നേതൃത്വം കൊടുക്കുന്നവർ പാടുന്നതോടൊപ്പം ചില കാര്യങ്ങൾകൂടി പറഞ്ഞ് ഒരു ആദ്ധ്യാത്മികഹരം ഉണ്ടാക്കുന്നതും നല്ലത്. എന്നാൽ അവ മാത്രമല്ല ആരാധന. അദൃശ്യനായ ദൈവം പാപിയായ മനുഷ്യന്റെ യടുത്തേക്കൊ, ഹൃദയത്തിലേക്കൊ വരുമ്പോൾ, ആ ദൈവത്തിന് മഹത്വം കൊടു

# വിശ്വാസം (FAITH)

ക്കാൻവേണ്ടി നാം പറയുന്നതും, പാടുന്നതും, സ്തുതിക്കുന്നതും, വിശ്വാസസ്നാനം സ്വീകരിക്കുന്നതും, കർതൃമേശ എടുക്കുന്നതും, ദൈവവചനം വായിച്ചും പ്രസംഗിച്ചും, പ്രസംഗം കേട്ടും, ശരീരത്തെയും മനസ്സിനെയും വിശുദ്ധിയോടെ സംരക്ഷിച്ചും, നാം എന്തൊക്കെ ചെയ്യുന്നുവോ, അവയൊക്കെ കൂടി ചേരുന്ന ഒരു ആത്മീയസംഭവമാണ് ആരാധന.

യോഹ.4:24–"ദൈവം ആത്മാവാകുന്നു; അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം" . ആ ആരാധനയുടെ കേന്ദ്രം ദൈവവചനം വായിച്ച് അതിന്റെ അർത്ഥതലങ്ങൾ പങ്കുവെയ്ക്കുന്നതും പരിശുദ്ധാത്മസ്പർശം അനുഭവിക്കുവാൻ ഇടയാകത്തക്കവണ്ണം ദൈവജനത്തിന്റെ ഹൃദയം അനുതാപത്തോടെയും മാനസാന്തരത്തോടെയും ആകുന്നതും ആകുന്നു. വർഷിപ്പിന്റെ ഡാൻസിംഗ് സ്റ്റൈലെടുക്കലും അമിതമായ താളമേള കോലാഹലങ്ങൾ ഉണ്ടാക്കുന്നതും ഒക്കെ ഒരു വൈദേശിക ഇറക്കുമതിയാണ, പരിശുദ്ധാത്മാവിന്റേതല്ല. അത്തരം ആഘോഷപരമായ ആവിഷ്ക്കാരം യുവജനങ്ങൾക്കിഷ്ടമാണ്. പലപല ഭാഷകളിൽ പ്രാവീണ്യം സംമ്പാദിച്ചിട്ടുള്ള യുവജനങ്ങൾ ആത്മീയഹരം പിടിപ്പിക്കുന്ന പാട്ടിൽ ലയിച്ചുചേരും എന്നതും ശരിയാണ്. പക്ഷെ ഒരാത്മീയഹരം പിടിക്കലല്ല ക്രിസ്തുവിനോടൊത്തുള്ള ജീവിതം. ക്രിസ്തു വരുന്നതിനുമുമ്പ് എഴുതിയതല്ല ക്രിസ്തു വന്നതിന് ശേഷം എഴുതിയത്. ക്രിസ്തു തന്റെ ജീവിതംകൊണ്ടാണ് പിതാവിനെ ആരാധിച്ചത്. പുതിയനിയമത്തിലെ ആരാധനയെയാണ് നാം ഇന്ന് ഓർക്കേണ്ടത്. പുതിയനിയമം **കൃപാജീവിതത്തിനും**, വിശ്വാസത്തിലധിഷ്ഠിതമായ വിശുദ്ധജീവിതത്തിനും മാനസാന്തരത്തിനും വീണ്ടും ജനനത്തിനും ആണ് പ്രാധാന്യം കൊടുക്കുന്നതെന്ന് നാം മറക്കരുത്. പരിശുദ്ധാത്മാവ് വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയേക്കുറിച്ചും നമ്മെ (യോഹ.16:8) ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുകയും നാം ഹൃദയം കൊണ്ട് എബ്രാ.13:15–ൽ പറയും പോലെ അധരഫലം എന്ന സ്തോത്രയാഗം അർപ്പിക്കുകയും സദാ ചെയ്തുകൊണ്ടിരിക്കുകയാണ്.

പുതിയനിയമം ആത്മാവിന്റെ വിളയാട്ട ഭൂമിയാണ്. നമ്മുടെ ഉള്ളിലെ ആത്മാവാണ് ആരാധനയ്ക്ക് നേതൃത്വം കൊടുക്കുന്നത്. അത് പരിശുദ്ധാത്മാവ് നയിക്കുന്നതായി തിരിച്ചറിഞ്ഞുകൊണ്ടാവുകയും വേണം. ത്രീയേകദൈവത്തിന്റെ പരിശുദ്ധ സാന്നിധ്യമാണ് ക്രിസ്തു ആത്മാവായി നമ്മിൽ വസിക്കുന്ന അനുഭവം. ഈ സത്യാത്മാവിനെ നമ്മൾ നമ്മുടെ ആത്മാവുകൊണ്ടും യേശുക്രിസ്തുവും അപ്പൊസ്തലന്മാരും നൽകിയ വചനസത്യങ്ങളോട് ചേർന്നും തികച്ചും ആത്മീയമായി ആരാധിക്കുമ്പോഴാണ് ആരാധന ആത്മാവിലും സത്യത്തിലുമുള്ളത് ആകുന്നത്. ഇത്തരം ആരാധനക്കാരെയാണ് കർത്താവിനാവശ്യം.

ആരാധന കലയുടെയോ സാഹിത്യത്തിന്റെയോ പഴയനിയമമസ്റ്റെലിന്റെയോ യാതൊരുവിധ ആർഭാടങ്ങളുടേയൊ അനുഭൂതികളിലേക്ക് കൊണ്ടുപോകുന്നതാകാൻ പാടില്ല. "ഞങ്ങളുടെ പള്ളിയിൽ ഒന്നു വന്നു നോക്കണം. എന്തൊരാരാധനയാണൊ" എന്ന് പല പള്ളിക്കാരും പറയുമ്പോൾ അവർ ഉദ്ദേശിക്കുന്നത് പ്രെയിസ് & വർഷിപ്പിന്റെ കലാത്മകത്വം ആണ്. ഇത്തരം പള്ളിക്കാർക്ക് വചനശുശ്രൂഷയിൽ താല്പര്യമല്ല. വചനമൊക്കെ ഞങ്ങൾക്കറിയാം, ആരാധനയാണ് ഞങ്ങൾക്ക് വേണ്ടത് എന്നാണവർ പറയുന്നത്. വചനാമൃതത്തിനും അഭിഷേകത്തോടുകൂടിയ പ്രാർത്ഥനാനുഭവങ്ങൾക്കും നല്ലപോലെ സ്ഥാനം കൊടുക്കണം. കർത്താവിന്റെ അഭിഷിക്തരും വിശ്വാസികളും ജീവിതത്തിലൂടനീളം ക്ഷമിക്കുന്ന സ്നേഹത്തിലൂടെ കോപതാപാദിസംഭവങ്ങളെ നിഗ്രഹിച്ചുകൊണ്ടും ജിതേന്ദ്രിയത്വം പാലിച്ചുകൊണ്ടും തിരുവചനം അനുസരിച്ചും വേണം ജീവിക്കുവാൻ. അങ്ങനെ 6 ദിവസം ജീവിക്കമ്പോൾ 7–ാം ദിവസം ആലയത്തിൽ ചെന്ന്, കഴിഞ്ഞ 6 ദിവസം വിശുദ്ധമായി പോറ്റിയ ദൈവത്തിന് പാടിയും പറഞ്ഞും കരഞ്ഞും വചനം പങ്കുവെച്ചും കർതൃമേശ ആചരിച്ചും നന്ദിയും സ്തുതിയും മഹത്വം കൊടുക്കലും ഒക്കെ ആകുന്നതാണ് ഞായറാഴ്ച ആരാധന. അതു മുഴുവൻ സ്നേഹംകൊണ്ട് നിറഞ്ഞതുമാകണം. ഈ ആദ്ധ്യാത്മികാനുഭവത്തെ തരംതാഴ്ത്താത്ത വിധത്തിലായിരിക്കണം ഗാനാമൃതം പൊഴിക്കൽ എന്നു മാത്രം. പാട്ടിന് താളവും രാഗവും അനിവാര്യമാണ്. കൂട്ടായ്മത്തവും നല്ലതു തന്നെ. പക്ഷേ അത് വിശ്വാസാധിഷ്ഠിതവും പരിശുദ്ധവും യിരിക്കണമെന്നുമാത്രം.

(തുടരും....)




## ഹിമാലയത്തെ പിടിച്ചുകുലുക്കി ഉഗ്രഭൂകമ്പമുണ്ടാകുമെന്നു മുന്നറിയിപ്പ്

ദില്ലി: റിക്ടർ സ്കെയിലിൽ 8.2 ലധികം തീവ്രത രേഖപ്പെടുത്തുന്നതായിരിക്കും ഭൂചലനമെന്നാണ് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിനു കീഴിലുള്ള ദുരന്തനിവാരണ വിദഗ്ധരുടെ പ്രവചനം. അടുത്തകാലത്ത് ഇന്ത്യയിൽവച്ചുണ്ടായതിൽവച്ച് ഏറ്റവും ശക്തമായ ഭൂകമ്പമായിരിക്കും ഇത്.

കഴിഞ്ഞ ദിവസം മണിപ്പൂരിൽ ഉണ്ടായ ഭൂകമ്പം റിക്ടർ സ്കെയിലിൽ 6.7 തീവ്രതയാണ് രേഖപ്പെടുത്തിയത്. കഴിഞ്ഞ മേയിൽ നേപ്പാളിലുണ്ടായ ഭൂകമ്പം 7.3 ഉം 2011 ൽ സിക്കിമിലുണ്ടായ ഭൂകമ്പം 6.9 ഉം ആണ് തീവ്രത രേഖപ്പെടുത്തിയത്. അടുത്ത കാലത്തുണ്ടായ ഭൂകമ്പങ്ങളിൽ ഭൂഗർഭ പാളികൾക്കു കാര്യമായ ക്ഷതം സംഭവിച്ചിട്ടുണ്ടെന്നും അതുകൊണ്ടുതന്നെ അടുത്ത ഭൂകമ്പത്തിന്റെ തീവ്രത കടുത്ത രീതിയിലായിരിക്കുമെന്നുമാണ് വിദഗ്ധർ പറയുന്നത്.

കടപ്പാട്: KAIRALI newsonline.com







### STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLYMAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara




| | |
|---|---|
| ജനുവരി 17 | **കൺവെൻഷൻ**. കോഴിക്കോട് വ്യാപാരഭവൻ (കുരിശുപള്ളിക്ക് സമീപം)നയിക്കുന്നത് ദേവസ്യാ മുല്ലക്കരസാർ. Ph:9961854203 Time: 10am to 3pm |
| ജനുവരി 20-ഫെബ്രു 9 | **ഉപവാസ പ്രാർത്ഥന**. പുളിങ്ങോ ആത്മാഭിഷേകം വചനാശ്രമം Ph:04985 213999, 9847786950, 9048222384. |
| ജനുവരി 24 | **കൺവെൻഷൻ.** എറണാകുളം. പാലാരിവട്ടം ചർച്ച്ഹാൾ Time: 10am to 3pm, Ph:9388487301, 9745971555, 9947217398 |
| ഫെബ്രുവരി 13 | **കൺവെൻഷൻ**. തിരുവല്ല. Time: 10am to 3pm ആത്മാഭിഷേകം ന്യൂ ചർച്ച് ഹാൾ മഞ്ഞാടി Ph:9446745148 |
| ഫെബ്രുവരി 14 | **കൺവെൻഷൻ**, തിരുവന്തനപുരം Ph:9446718242 Time: 10am to 3pm |
| ഫെബ്രുവരി 21 | **കൺവെൻഷൻ**. കോഴിക്കോട് വ്യാപാരഭവൻ.(കുരിശുപള്ളിക്ക് സമീപം)നയിക്കുന്നത് ദേവസ്യാ മുല്ലക്കരസാർ. Ph:9961854203 Time: 10am to 3pm |

എല്ലാ രണ്ടാം ശനിയാഴ്ചകളിലും തിരുവല്ല കൺവെൻഷൻ ആത്മാഭിഷേകം ന്യൂ ചർച്ച് ഹാൾ മഞ്ഞാടി Ph:9446745148

എല്ലാ രണ്ടാംശനിയും കഴിഞ്ഞുവരുന്ന ഞായറാഴ്ചകളിൽ തിരുവനന്തപുരം കൺവെൻഷൻ Ph:9446718242

എല്ലാ മൂന്നാം ഞായറാഴ്ചകളിലും കോഴിക്കോട് കൺവെൻഷൻ വ്യാപാരഭവൻ (കുരിശുപള്ളിക്ക് സമീപം) Ph:9961854203



തിരുവന്തപുരം പരുത്തിപ്പാറ ഗ്രേസ് മിനി ഹാളിൽ ഡിസംബർ മാസം 27-ാം തീയ്യതി നടന്ന കൺവെൻഷൻ




തിരുവല്ല മഞ്ഞാടിയിലുള്ള പുതിയ ചർച്ച് ഹാളിൽ ഡിസംബർ 11-ാം തീയ്യതി ചേർന്ന ഹാർവെസ്റ്റേഴ്സ് മീറ്റിംഗിൽ നിന്ന്.

ATHMABHISHEKAM MONTHLY
2016 JANUARY
RNI NO. KER MAL/2003/12060 - KL/KNR/41/2016-18

Rs.20.00

Published on 17th January 2016



# Victory over Satan & the world

## 21 ഉപവാസ പ്രാർത്ഥനാ ദിനങ്ങൾ

## പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമത്തിൽ

(കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ചെറുപുഴ, പുളിങ്ങോം, രാജഗിരി ബസ്സ്റൂട്ടിൽ)

## ജനുവരി 20 മുതൽ ഫെബ്രുവരി 9 വരെ

(താമസസൗകര്യം ലഭ്യമാണ്)

**04985 213999,9847786950,9048222384**

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod (Dt).